Deivarajyam February 2017
● R.N.7623/63
Registered No. KL/ALY/0020/2017-2019 ● R.N. 7623/1963
Date of publication: 1/2/2017
● Posted at Thodupuzha Stg.
Annual Subscription ₹ 100.00




Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിന്‍

LOVE NEVER ENDS

വാല്യം 56
ഫെബ്രുവരി 2017
ലക്കം 2



# ആദരാഞ്ജലികളോടെ...

## ദൈവസന്നിധിയിൽ 35 വർഷം



## മാർ മാത്യു പോത്തനാമൂഴി

2017 ഫെബ്രുവരി 6

പാവനസ്മരണകളോടെ
കോതമംഗലം രൂപത

# ജീവ റ്റീ, ജീവ കോഫി ഉദ്ഘാടനം






കോതമംഗലം രൂപത സാമൂഹ്യ ക്ഷേമ പ്രസ്ഥാനത്തിന്റെ പുതിയ ഉൽപന്നങ്ങളായ ജീവ റ്റീ, ജീവ കോഫി എന്നിവയുടെ വിപണന ഉദ്ഘാടനം മുവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് രൂപത ഓഡിറ്റർ ശ്രീ. ജോസ് കാപ്പനും, രൂപത ഫിനാൻഷ്യൽ കൗൺസിൽ അംഗം അഡ്വ കെ.റ്റി തോമസിനും നൽകി നിർവഹിക്കുന്നു.



ചങ്ങനാശ്ശേരി രൂപതയുടെ സഹായമെത്രാൻ
അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്
കോതമംഗലം രൂപതാകുടുംബത്തിന്റെ
അഭിനന്ദനങ്ങളും......
പ്രാർത്ഥനാശംസകളും.......

# ദൈവരാജ്യം


*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 56**
**ഫെബ്രുവരി 2017**
**ലക്കം 2**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| സർക്കുലർ | |
| ഇരുപത്തഞ്ചാം ആഗോള രോഗീദിനം | 7 |
| തിരുബാലസഖ്യദിനം | 11 |
| മേജർ ആർക്കി എപ്പിസ്കോപ്പൽ ക്യൂരിയ | 15 |
| രൂപതക്കച്ചേരി | 16 |
| മൈനർ സെമിനാരി | 30 |
| വിജ്ഞാനഭവൻ | 31 |
| വിദ്യാഭ്യാസം | 33 |
| തിരുബാലസഖ്യം | 35 |
| ചെറുപുഷ്പമിഷൻലീഗ് | 36 |
| കെ.സി.എസ്.എൽ. | 37 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് | 38 |
| സോഷ്യൽ സർവീസ് | 39 |
| യുവദീപ്തി | 40 |
| ജീസസ് യൂത്ത് | 41 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 41 |
| മാതൃവേദി | 42 |
| കെ.സി.ബി.സി. വനിതാ കമ്മീഷൻ | 42 |
| ഡി.സി.എം.എസ്. | 43 |
| എ.കെ.സി.സി. | 43 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 44 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 45 |
| വിൻസെന്റ് ഡി പോൾ | 45 |
| നെസ്റ്റ് പ്രോഗ്രാം | 46 |
| കേരള ലേബർ മൂവ്മെന്റ് | 46 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 48 |
| ബിഷപ്സ് പ്രോഗ്രാം | 50 |
| പ്രാർത്ഥനയിൽ ഓർക്കാം | 51 |
| നിര്യാതരായി | 51 |




## ഓർമ്മിക്കാൻ

### ഫെബ്രുവരി

| | | |
|---|---|---|
| 1–3 | – | Pre-Marriage Course |
| 6 | – | മാർ മാത്യു പോത്തനാമൂഴി പിതാവിന്റെ ചരമവാർഷികം |
| 7 | – | Presbyterium |
| 10 | – | നൈറ്റ് വിജിൽ |
| 11 | – | രോഗീദിനം |
| 12 | – | തിരുബാലസഖ്യദിനം<br>ചെറുസൂനം ക്വിസ് (ശാഖാതലം) |
| 15–17 | – | Pre-Marriage Course |
| 18 | – | വിശ്വാസോത്സവം ട്രെയിനിംഗ് |
| | – | പരീക്ഷാ ഒരുക്ക പ്രാർത്ഥന |
| 24 | – | സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ |
| 26 | – | നോമ്പാരംഭം |

### തിരുനാളുകൾ

| | | |
|---|---|---|
| 02 | : | നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം<br>(പരിശുദ്ധ കന്യകാമറിയത്തിന്റെ ശുദ്ധീകരണത്തിരുനാൾ) |
| 03 | : | വി. എസ്തപ്പാനോസ് |
| 04 | : | വി. ജോൺ ബ്രിട്ടോ |
| 06 | : | മൂന്നു നോമ്പ് |
| 10 | : | ഗ്രീക്ക് സഭാപിതാക്കന്മാർ |
| 17 | : | സുറിയാനി സഭാപിതാക്കന്മാർ |
| 24 | : | സകല മരിച്ചവരുടെയും ഓർമ്മ |

Ref: 2998/K 35/OL/KCBC/DS 3.1.2017

# ഇരുപത്തഞ്ചാം ആഗോള രോഗീദിനാചരണ

## സന്ദേശം - 11 ഫെബ്രുവരി 2017

**ഫ്രാൻസിസ് മാർപാപ്പ**

**ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം**

***"സർവ്വശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:49)***

പ്രിയ സഹോദരീ സഹോദരന്മാരേ,

ഇരുപത്തഞ്ചാം ആഗോളരോഗീദിനം സഭ മുഴുവനിലും സവിശേഷമാംവിധം ലൂർദ്ദിലും ഫെബ്രുവരി 11-ന് ആഘോഷിക്കും. ഈ വർഷത്തെ ചിന്താവിഷയം "ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം: "സർവ്വശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:49) എന്നതായിരിക്കും. ഈ ദിനാചരണം എന്റെ മുൻഗാമി വിശുദ്ധ ജോൺ പോൾ രണ്ടാമൻ 1992-ൽ സ്ഥാപിച്ചതും 1993 ഫെബ്രുവരി 11-ന് ആദ്യമായി ലൂർദ്ദിൽ ആരംഭിച്ചതുമാണ്. വേദനിക്കുന്നവരായ എല്ലാവരെയും വിശിഷ്യ രോഗികളുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള പ്രത്യേക ഒരവസരമാണിത്. രോഗികളെ ഉദാരതയോടെ സഹായിക്കുന്ന കുടുംബാംഗങ്ങൾ ആരോഗ്യമേഖലയിൽ ജോലി ചെയ്യുന്നവർ സന്നദ്ധസേവകർ എന്നിവർക്ക് ദൈവത്തോടു നന്ദി പറയാനുള്ള ഒരവസരം കൂടിയാണിത്. കാരണം രോഗികളായ സഹോദരീസഹോദരന്മാരുടെ കൂടെയായിരിക്കാൻ അവരെ ദൈവം വിളിച്ചല്ലോ. ദരിദ്രരെയും രോഗികളെയും വേദനിക്കുന്നവരെയും സമുദായ ഭ്രഷ്ടരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സഹായിക്കുകയെന്നത് സഭയുടെ മൗലികദൗത്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ആചരണം സഭയ്ക്ക് തന്റെ മൗലികദൗത്യം കൂടുതൽ പൂർണ്ണമായി വഹിക്കാനുള്ള നവീകൃതമായ ആത്മീയ ഊർജ്ജം നല്കുന്ന ഒരു സന്ദർഭം കൂടിയാണ്. (cf John Paul II, Motu Proprio Dolentium Hominum 2 Feb. 1985, 1) ഈ ദിവസങ്ങളിൽ ലൂർദ്ദിൽ നടത്തുന്ന പ്രാർത്ഥന കുർബാനയാചരണം രോഗീലേപനം രോഗികളുമായുള്ള പങ്കുവയ്ക്കൽ, ജീവ-ധർമ്മശാസ്ത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ശില്പശാലകൾ എന്നിവ ഈ സേവനരംഗത്ത് തീർച്ചയായും നവീനവും ശ്രദ്ധേയവുമായ സംഭാവനകൾ കാഴ്ചവയ്ക്കും.

ഞാൻ ഇപ്പോഴും മസാബില്ലോയിലെ ഗ്രോട്ടോയിൽ, അമലോത്ഭവമാതാവിന്റെ രൂപത്തിന്റെ മുമ്പിൽ, ആത്മീയമായി സന്നിഹിതനാണ്. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി സർവശക്തൻ വലിയ കാര്യങ്ങൾ ആ മാതാവിലാണല്ലോ പ്രവർത്തിച്ചത്.



വേദനയനുഭവിക്കുന്ന സഹോദരീസഹോദരന്മാരേ, നിങ്ങളോടും നിങ്ങളുടെ കുടുംബാംഗങ്ങളോടുമുള്ള എന്റെ ആത്മബന്ധം ഞാൻ പ്രകാശിപ്പിക്കുന്നു. വിവിധ സേവനരംഗങ്ങളിലും, ആരോഗ്യശുശ്രൂഷാ സ്ഥാപനങ്ങളിലും ലോകത്ത് എവിടെയും പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. വൈദഗ്ദ്ധ്യത്തോടും ഉത്തരവാദിത്വബോധത്തോടും കൂടിയുള്ള സമർപ്പിത ശുശ്രൂഷയും ചികിത്സയും ചെയ്യുന്ന അനുദിനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിന് ഓരോ മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ സുനിശ്ചിതമായ അടയാളവും ദൈവേഷ്ടത്തിന് കീഴ്വഴങ്ങുന്നതിന്റെ മാതൃകയും "രോഗികളുടെ ആരോഗ്യവും" ആയ മറിയത്തിൽ കണ്ടെത്തുവാൻ രോഗികളും പീഡസഹിക്കുന്നവരും ചികിത്സകരും, നേഴ്സുമാരും കുടുംബാംഗങ്ങളും സന്നദ്ധസേവകരുമായ നിങ്ങളെയെല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യവചനംകൊണ്ടും കൂദാശകൾകൊണ്ടും പോഷിപ്പിക്കപ്പെട്ട്, വിശ്വാസത്തിൽ, രോഗാവസ്ഥയിലും ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി നിങ്ങൾ നേടാൻ ഇടയാകട്ടെ.

വിശുദ്ധ ബർണദീത്തയെപ്പോലെ നമ്മൾ പരിശുദ്ധ മറിയത്തിന്റെ സൂക്ഷ്മമായ നോട്ടത്തിൻ കീഴിൽ നില്ക്കുന്നു. താൻ സ്നേഹപൂർണയായ നാഥ എന്നു വിളിക്കുന്ന പരിശുദ്ധ കന്യകാമറിയം ഒരാൾ മറ്റൊരാളെ നോക്കുന്നതുപോലെ തന്റെ നേരേ നോക്കിയെന്ന് ലൂർദിലെ വിനീത കന്യകയായ ബർണദീത്ത പറയുന്നു. ലളിതമായ ആ വാക്കുകൾ ഒരു ബന്ധത്തിന്റെ പൂർണതയെ വിവരിക്കുന്നുണ്ട്. മറിയം ഒരു വ്യക്തിയെന്ന നിലയിൽ തന്റെ നേരേ നോക്കുകയായിരുന്നുവെന്ന് ദരിദ്രയും അക്ഷരജ്ഞാനമില്ലാത്തവളും രോഗിണിയുമായ ബർണദീത്തായ്ക്കു തോന്നി. സ്നേഹപൂർണയായ കന്യകാമറിയം അവളോട് വലിയ ബഹുമാനത്തോടും ഗൗരവം വെടിഞ്ഞ് ദാക്ഷിണ്യത്തോടെയും സംസാരിച്ചു. ഇത് ഒരു വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിയും എപ്പോഴും ഒരു മനുഷ്യനാണ്. അങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് അതനുസരിച്ച് നാം ഓരോ വ്യക്തിയോടും പെരുമാറണം എന്നതാണ് ആ വസ്തുത. രോഗികൾക്കും അംഗപരിമിതർക്കും അവരുടെ ജീവിതത്തിൽ അന്യവത്കരിക്കാനാവാത്ത അതിയായ മഹത്ത്വവും ദൗത്യവുമുണ്ട്. അവർ ഒരിക്കലും നിസ്സാര വസ്തുക്കളായിത്തീരുന്നില്ല. ചിലപ്പോൾ അവർ നിഷ്ക്രിയരായി കാണപ്പെടാമെങ്കിലും യഥാർത്ഥത്തിൽ നിഷ്ക്രിയരല്ല.

ബർണദീത്ത, ഗ്രോട്ടോ സന്ദർശിച്ചതിനുശേഷം, അവളുടെ പ്രാർത്ഥനയുടെ സഹായത്താൽ, തന്റെ ദൗർബല്യത്തെ മറ്റുള്ളവർക്കു സഹായകരമാക്കി മാറ്റി. തന്റെ അയൽക്കാരെ ശക്തിപ്പെടുത്താൻ സ്നേഹംമൂലം അവൾക്കു കഴിഞ്ഞു. സർവോപരി, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാനും സാധിച്ചു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്നേഹപൂർണയായ കന്യകാമറിയം അവളോട് ആവശ്യപ്പെട്ടു. ഈ യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. അതായത്, രോഗികളും സഹിക്കുന്നവരും സൗഖ്യം ലഭിക്കാൻ മാത്രമല്ല അവർ യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാനും, ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതശിഷ്യന്മാരെപ്പോലെ ജീവിതം സമർപ്പിക്കാൻപോലും, ആഗ്രഹിക്കുന്നുണ്ട്. കന്യകാമറിയം ബർണദീത്തായ്ക്ക് രോഗികളെ ശുശ്രൂഷിക്കാനുള്ള വിളി നല്കി. പരസ്നേഹത്തിന്റെ സഹോദരിയാകാൻ അവളെ വിളിച്ചു. ആ ദൗത്യം അവൾ ഏറെ മാതൃകാപരമായ രീതിയിൽ നിർവഹിച്ചു. ആരോഗ്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം അത് മാതൃകയായിത്തീർന്നു. തീർച്ചയായും സഹായം ആവശ്യമുള്ള വ്യക്തികളായി രോഗികളെ കണ്ട് അവരോട് എപ്പോഴും ബന്ധപ്പെടാനുള്ള അനുഗ്രഹത്തിനായി അമലോദ്ഭവമറിയത്തോട് നമുക്കു പ്രാർത്ഥിക്കാം. രോഗികൾക്ക് ചിലപ്പോൾ ചെറിയ സഹായങ്ങളായിരിക്കും ആവശ്യമുള്ളത്. എന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തമായ ഒരു ദാനം അവർക്കുണ്ട്.

പീഡിതരോടും ദരിദ്രരോടുമുള്ള സഭയുടെ അനുദിനസമർപ്പണത്തിൽ "പീഡിതരുടെ ആശ്വാസ'മായ മറിയത്തിന്റെ നോട്ടം സഭയുടെ മുഖത്തെ പ്രകാശിപ്പിക്കുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും ലോകത്തോടുള്ള ഈ താത്പര്യത്തിന്റെ അമൂല്യഫലങ്ങൾ കർത്താവായ യേശുവിനോട് നന്ദിപറയാനുള്ള ഒരു കാരണമാണ്. അവിടന്ന് പിതാവിന്റെ ഇഷ്ടമനുസരിച്ച് നമ്മിൽ ഒരാളായിത്തീർന്നു. മനുഷ്യവംശത്തെ വീണ്ടെടുക്കാൻവേണ്ടി കുരിശുമരണം സഹിക്കുക കൂടി ചെയ്തു. മറിയത്തിൽനിന്നു ജനിച്ച ദൈവപുത്രനായ ക്രിസ്തു പ്രദർശിപ്പിച്ച ഐക്യദാർഢ്യം ദൈവത്തിന്റെ കരുണാപൂർണമായ സർവശക്തിയുടെ ഒരു പ്രകാശനമാണ്. അതാകട്ടെ നമ്മുടെ ജീവിതത്തിൽത്തന്നെ - സർവോപരി ജീവിതം ദുർബലവും വേദനാപൂർണവും അപമാനിതവും പാർശ്വവത്കൃതവും സഹനപൂർണവുമായിത്തീരുമ്പോൾ - വെളിവാക്കപ്പെട്ടിട്ടുണ്ട്. നമ്മെ പിടിച്ചുനിറുത്താനും വീണ്ടും എഴുന്നേല്ക്കാനും സഹായിക്കുന്ന പ്രത്യാശയുടെ ശക്തികൊണ്ട് അതു ജീവിതത്തെ നിറയ്ക്കുകയും ചെയ്യുന്നു.



മനുഷ്യത്വത്തിന്റെ മഹാസമ്പത്തും വിശ്വാസവും ദുർവ്യയം ചെയ്തുകളയരുത്. മറിച്ച്, മാനുഷിക ദൗർബല്യത്തെക്കുറിച്ചു തുറന്നു പറയാനും ഇന്നത്തെ ആരോഗ്യസംരക്ഷണത്തിന്റെയും സാങ്കേതിക വിദ്യയുടെയും വെല്ലുവിളികളെ നേരിടാനും അത് നമ്മെ പ്രചോദിപ്പിക്കണം. ഈ ആഗോളരോഗീദിനാചരണ ദിവസം ജീവനോടും ആരോഗ്യത്തോടും പരിസ്ഥിതിയോടും ബഹുമാനം കാണിക്കുന്ന ഒരു സംസ്കാരത്തിനുവേണ്ടി അധ്വാനിക്കാൻ പുതിയ പ്രചോദനം നമുക്കു കണ്ടെത്താം. വ്യക്തികളുടെ സമഗ്രതയും മഹത്ത്വവും സംരക്ഷിക്കുന്നതിന് നവീന പരിശ്രമങ്ങൾ ചെയ്യാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കട്ടെ. ജീവ-ധർമ്മശാസ്ത്രപരമായ പ്രശ്നങ്ങളോടും ദുർബലർക്കുള്ള സംരക്ഷണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ശരിയായ സമീപനം പുലർത്താൻ അതു ഉത്തേജനം നല്കട്ടെ.

ഈ ഇരുപത്തഞ്ചാം ആഗോളരോഗീദിനാചരണദിവസം ചികിത്സകർക്കും നേഴ്സുമാർക്കും സന്നദ്ധ സേവകർക്കും രോഗികളെയും ദരിദ്രരെയും സേവിക്കാൻ സ്വയം സമർപ്പിച്ച സന്ന്യാസിനീ സന്ന്യാസികൾക്കും ഒരിക്കൽക്കൂടി എന്റെ പ്രാർത്ഥനാപൂർവകമായ പിന്തുണയും പ്രോത്സാഹനവും ഞാൻ നല്കുന്നു. ഈ ലക്ഷ്യത്തിനായി അധ്വാനിക്കുന്ന സഭാസ്ഥാപനങ്ങളെയും സിവിൽ സ്ഥാപനങ്ങളെയും രോഗികളെയും സ്നേഹപൂർവം പരിചരിക്കുന്ന കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവ്വം ആശ്ലേഷിക്കുന്നു. അവയെല്ലാം ദൈവസ്നേഹത്തിനുള്ള സാന്നിധ്യത്തിന്റെ സന്തോഷപൂർവ്വമായ അടയാളങ്ങളായിരിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ആശുപത്രികളിലെയും ആരോഗ്യപാലകരുടെയും രക്ഷാധികാരികളായ വി. ജോൺ ഓഫ് ഗോഡ്, വി. കമില്ലൂസ് ഡി ലെല്ലീസ് ദൈവസ്നേഹത്തിന്റെ പ്രേഷിതയായ കൽക്കട്ടയിലെ മദർ തെരേസ എന്നിവർ ഉൾപ്പെടുന്ന ദൈവത്തിന്റെ അനേക സുഹൃത്തുക്കൾ നൽകിയ പ്രഭാപൂരിതമായ സാക്ഷ്യത്തെ അവർ അനുകരിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗീകളേ, ആരോഗ്യപാലകരേ, സന്നദ്ധസേവകരേ നിങ്ങൾ എന്നോടൊപ്പം കന്യകാമറിയത്തോട് പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവളുടെ മാതൃസഹജമായ മാദ്ധ്യസ്ഥ്യം നമ്മുടെ വിശ്വാസത്തോടൊപ്പം ഉണ്ടായിരിക്കുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യട്ടെ. സുഖപ്പെടുത്തലിന്റെയും ആരോഗ്യപാലനത്തിന്റെയും യാത്രയിൽ അവൾ തന്റെ പുത്രനായ ക്രിസ്തുവിൽ നിന്ന് പ്രത്യാശ നേടിത്തരട്ടെ. സാഹോദര്യത്തെയും ഉത്തരവാദിത്തത്തെയും സംബന്ധിച്ച ബോധവും സമഗ്ര മാനുഷിക

വികസനത്തെക്കുറിച്ചുള്ള സമർപ്പണ ബോധവും ദൈവം തന്റെ വിശ്വസ്തതയും കാരുണ്യവും വഴി നമ്മെ വിസ്മയിപ്പിക്കുന്നിടത്തെല്ലാം കൃതജ്ഞത തോന്നുന്നതിന്റെ സന്തോഷവും സംലബ്ധമാക്കട്ടെ.

ഞങ്ങളുടെ അമ്മയായ മറിയമേ, ഞങ്ങളിൽ ഓരോരുത്തരെയും പുത്രനോ പുത്രിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യണമേ. ആത്മവിശ്വാസത്തോടെയുള്ള ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതീക്ഷകളെ നിലനിറുത്തണമേ. ഞങ്ങളുടെ രോഗങ്ങളിലും സഹനങ്ങളിലും ഞങ്ങളെ സഹായിക്കണമേ. നിന്റെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ക്രിസ്തുവിലേക്ക് ഞങ്ങളെ നയിക്കണമേ. മഹാകാര്യങ്ങൾ ചെയ്യുന്ന പിതാവിന് സ്വയം സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ.

എന്റെ പ്രാർത്ഥനയിൽ സ്ഥിരം ഓർമ്മിച്ചുകൊള്ളാമെന്ന് ഉറപ്പു നൽകിക്കൊണ്ട്, ഹൃദയപൂർവ്വം നിങ്ങൾക്കെല്ലാവർക്കും ഞാൻ അപ്പസ്തോലികാശീർവാദം തരുന്നു.

8 ഡിസംബർ 2016, അമലോത്ഭവത്തിരുനാൾദിവസം

**ഫ്രാൻസീസ് മാർപാപ്പാ**

Ref: 3000/K 35/OL/KCBC/DS 18.01.2017

# 2017 ഫെബ്രുവരി 12 തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരെ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദരാക്കുകയും പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്നവരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യകൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുകകൂടി ചെയ്യട്ടെ.

നാലാംപ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട്



കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്നതനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2,11: അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു.

മത്താ. 2, 21: അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രായേൽ ദേശത്തേക്കു പുറപ്പെട്ടു.

ലോകരക്ഷകൻ ഇല്ലായ്മയുടെയും ഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടു ഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചനഭാഗങ്ങൾ നല്കുന്ന ചില പ്രകാശകിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലിസങ്കേതമാണെന്നും ഒരു സത്രമൊ, സ്വന്തം ഭവനമൊ അല്ലാ എന്നും തിരുവചനം സൂചന നല്കുന്നു. സമ്പത്തിന്റെയോ സ്ഥലമഹിമയുടെയൊ പാരമ്പര്യത്തിന്റെയൊ പ്രഭാവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽ തെരുവിന്റെ തീരങ്ങൾ വരെ സ്നേഹഭവനമാവുകയും മണിമാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിടകൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നുവരുവാൻ സാധിക്കും വിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വളർന്നു വരുന്ന പൈതങ്ങളും കുട്ടികളും ജ്ഞാനികളുടെയും ദൈവവീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽ യോഗ്യതയുള്ളവരാക്കുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നു വരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു വരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പത്തിക ഭദ്രതയ്ക്കും സോഷ്യൽ സ്റ്റാറ്റസിനുംവേണ്ടി അകന്നു

താമസിക്കുന്നവരുമുണ്ട്. പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെയെന്നാണ് പ്രാർത്ഥന.

ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെ വരെയും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതിക തലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലത ല്ലാത്ത രീതിയിൽ തന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കു പകരം നിന്നാൽ ശിഥിലമാവുക കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കു വേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽ പോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരിച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾ പോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാനിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാ പൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അതോടൊപ്പം എളിമയു ടെയും വിനയത്തിന്റെയും നാൾവഴികളിൽ ഒരു ശിശുവിനെതേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തന



രീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്. കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെ തന്നെയും കൊത്തി വിഴുങ്ങാൻ കഴിവുള്ള കഴുകനയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യപ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നല്കുകയും ചെയ്യും.

4. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പോയി: കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. അമോരിസ് ലെത്തീസ്യയിൽ (266, 267–274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെ ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തിലേയ്ക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തുസൂക്ഷിക്കേണ്ട ചില മേഖലകൾ ധ്യാന പുരസ്സരം സൂചിപ്പിച്ചെന്നേ ഉള്ളൂ. കൂടുതൽ കൂടുതൽ അകന്നുപോ കുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തിത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപ്പറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ചാസംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി

നടക്കണമെങ്കിൽ വിവരസാങ്കേതികവിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2017 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## മേജർ ആർക്കി എപ്പിസ്കോപ്പൽ ക്യൂരിയ

*MAC1/2017*

മേജർ ആർച്ചു ബിഷപ്പിന്റെ സന്ദേശത്തിനായി മേജർ ആർക്കി എപ്പിസ്കോപ്പൽ ക്യൂരിയയിലേക്ക് അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1 സന്ദേശം ലഭിക്കേണ്ട അവസാന തീയതിക്ക് രണ്ടുമാസം മുമ്പെങ്കിലും അപേക്ഷ മേജർ ആർക്കി എപ്പിസ്കോപ്പൽ ക്യൂരിയായിൽ ലഭിച്ചിരിക്കണം. അല്ലാത്തപക്ഷം അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2 അല്മായ വ്യക്തികളോ, സംഘടനകളോ അപേക്ഷിക്കുന്ന പക്ഷം വികാരിയച്ചന്റെ ശുപാർശ കത്തും രൂപതാദ്ധ്യക്ഷന്റെ അംഗീകാരവും ഉണ്ടായിരിക്കണം.
3 വൈദികർ അപേക്ഷ നൽകുമ്പോൾ രൂപതാദ്ധ്യക്ഷന്റെ ശുപാർശ കത്ത് ഉണ്ടായിരിക്കണം.
4 സമർപ്പിതർ നല്കുന്ന അപേക്ഷയോടൊപ്പം പ്രൊവിൻഷ്യൽ സുപ്പീരിയറിന്റെ ശുപാർശ കത്ത് ഉണ്ടായിരിക്കണം.



5 മേജർ ആർച്ച് ബിഷപ്പ് പുസ്തകങ്ങൾക്കുള്ള അവതാരിക എഴുതി നല്കുന്നതല്ല. ആശംസകൾ മാത്രമേ നല്കുകയുള്ളൂ.
6 സപ്ലിമെന്റുകൾക്കും മറ്റ് സാധാരണ പ്രസിദ്ധീകരണങ്ങൾക്കും വേണ്ടി മേജർ ആർച്ച് ബിഷപ്പ് സന്ദേശം നല്കുന്നതല്ല.
7 ഒരു പ്രത്യേക കാര്യത്തിനായി മേജർ ആർച്ച് ബിഷപ്പ് നല്കിയ സന്ദേശം അനുവാദം കൂടാതെ മറ്റ് ഇടങ്ങളിൽ പ്രസിദ്ധീകരിക്കുവാൻ പാടില്ല.

## രൂപതക്കച്ചേരി

*C.17 /2017* **Presbyterium**

The plenary meeting of the priests of the Eparchy will be held on Tuesday, February 7, 2017 from 10.00 am to 4.00 pm at NESTT, Muvattupuzha. All are expected to participate without fail.

*Bishop*

*C. 18/2017* **അഖിലലോക രോഗീദിനം**

2017 ഫെബ്രുവരി 11-ാം തീയതി ശനിയാഴ്ച ക്രൈസ്തവ സമൂഹം ലോകരോഗീദിനം ആചരിക്കുകയാണ്. ഈ ദിനാചരണത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ രോഗികളായി കഴിയുന്ന സഹോദരങ്ങൾക്കായി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുവാനും അവർക്ക് കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുവാനും ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

*C. 19/2017* **സകല മരിച്ചവരുടെയും ഓർമ്മത്തിരുനാൾ**

നമ്മുടെ ആരാധനാക്രമ ചൈതന്യമനുസരിച്ച് സകല മരിച്ചവരുടെയും ഓർമ്മ ആചരിക്കേണ്ടത് ദനഹാക്കാലത്തെ അവസാന വെള്ളിയാഴ്ചയാണ്. അതനുസരിച്ച് ഫെബ്രുവരി 24-ാം തീയതി നമ്മുടെ എല്ലാ ഇടവകകളിലും സിമിത്തേരി സന്ദർശനം നടത്തുകയും മരണം മൂലം നമ്മിൽനിന്ന് വേർപിരിഞ്ഞവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു.

*Bishop*

*C.20/2017* **വലിയ നോമ്പാരംഭവും വിവാഹാഘോഷമുടക്കവും**

2017 ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച പാതിരാത്രിക്ക്

വലിയനോമ്പ് ആരംഭിക്കുന്നു. വിഭൂതി തിങ്കൾ മുതൽ ഉയിർപ്പു ഞായർ വരെ വിവാഹാഘോഷം മുടക്കാണ്. ഒരു തരത്തിലും മാറ്റിവയ്ക്കാൻ സാധിക്കാത്ത ആഘോഷങ്ങൾ മാത്രമേ നോമ്പുകാലത്ത് നടത്താവൂ. അതും അനാർഭാടമായി നടത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ട താണ്. അനാർഭാടമെന്നത് പരിപാടികളുടെ നടത്തിപ്പിലും ബാഹ്യ മോടിയിലും ഭക്ഷണത്തിലുമെല്ലാം പാലിക്കപ്പെടേണ്ട ലാളിത്യമാണ്. നോമ്പുകാലത്ത് വിവാഹം നടത്തിക്കിട്ടുവാൻ രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന അപേക്ഷകൾ ശിപാർശ ചെയ്യുമ്പോൾ ബ. വികാരിയച്ച ന്മാർ ഈ നിർദ്ദേശത്തിന്റെ അരൂപി ഉൾക്കൊള്ളണമെന്ന് ഓർമ്മിപ്പി ക്കുന്നു.

മനസ്സമ്മതമോ അതുപോലുള്ള മറ്റ് ആഘോഷങ്ങളോ നടത്തു മ്പോഴും നോമ്പിന്റെ ചൈതന്യം പാലിക്കുവാൻ എല്ലാവരും ശ്രദ്ധിക്ക ണം. മനസ്സമ്മതത്തിനുമുമ്പ് അനുവാദത്തോടെ വിവാഹം പരസ്യം ചെയ്യുകയും നോമ്പ് കഴിയുമ്പോൾ മനസ്സമ്മതം നടത്തി ഏറെ താമ സിയാതെ വിവാഹം ആശീർവദിക്കുകയും ചെയ്യാനുള്ള നടപടിക്രമം പാലിക്കാവുന്നതാണ്.

*Bishop*

## *C. 21/2017* Appointments and Transfers

**Parochial Vicars:**

| | | |
|---|---|---|
| Anicad | - | Paramel Varghese |
| Kallanickal | - | Konthempillil Sebastian |
| Kalloorkad | - | Puthenkulam Mathew |
| Kaloor | - | Joseph Karkamthottiyil CMI |
| Karakunnam | - | Njaliparambil Antony |
| Kodikulam | - | Parackal Abraham |
| Kuruppumpady | - | Marappillil George |
| Mulappuram | - | Job Chalamanamel CMI |
| Muvattupuzha | - | Thumbamattathil Sebastian |
| Pannimattam | - | Peechanikunnel George |
| Udumpannoor | - | Kallidukkil Zacharias |
| Vazhakulam | - | Maliyeckal Antony |
| Velielchal | - | Mundackal Mathew (Jr.) |



**Priest-in-Charge**

| | | |
|---|---|---|
| Avolichal Station Church | - | Thalappillil Jacob |

**Other Offices**

| | | |
|---|---|---|
| Coordinator Care A Family, Asst. Director IT Mission, Vice Chancellor | - | Nedumthadathil Paulose |
| Asst. Director Emmanuel Retreat Centre | - | Paramel Varghese |
| Vice Rector Divine Mercy | - | Kannampalliyil Kuriakose |
| Notary Eparchial Tribunal | - | Njaliparambil Antony |
| House Procurator Bishop's House | - | Kizhakedath Mathew |

*Bishop*

## *C. 22/2017* തിരുബാലസഖ്യദിനം

ഈ വർഷം ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച സാർവ ത്രിക സഭയിൽ തിരുബാലസഖ്യദിനം ആചരിക്കുന്നു. സാധുകുട്ടികളെ സഹായിക്കാൻ അന്നേദിവസം പ്രത്യേകപിരിവ് നടത്തി കിട്ടുന്ന തുക രൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കുമല്ലോ.

*Syncellus*

## *C. 23 /2017* Monthly Recollection for Priests
## Topic for discussion in March

Read in common Nos. 619 - 629 of the Catechism of the Catholic Church.

*Syncellus*

## *C. 24/2017* Pastoral Visits - February

| | |
|---|---|
| Cheppukulam | 12-02-2017 |
| Ayavana | 19-02-2017 |
| Marady | 26-02-2017 |

*Chancellor*

## *C. 25/2017* സീറോ മലബാർ മിഷൻ ഞായർ പിരിവ്

സീറോ മലബാർസഭയുടെ പ്രേഷിതവാരാചരണത്തോടനുബ ന്ധിച്ച് നടത്തിയ പിരിവ് ജനുവരി 31-ന് മുമ്പായി രൂപതാകേന്ദ്രത്തിൽ ഏല്പിക്കാത്തവർ എത്രയും വേഗം അത് രൂപതാ സാമ്പത്തിക കാര്യാ ലയത്തിൽ ഏല്പിക്കാൻ താല്പര്യപ്പെടുന്നു.

*Procurator*

*Js. 2/2017* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2017-2018 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2017 മെയ് 13-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2017 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Secretary*



*C. 26/2017* **CONSOLIDATED REPORT OF THE HOLY YEAR OF MERCY - EPARCHY OF KOTHAMANGALAM (Parishes)**

| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 1 | Alakodu | ✓ | | ✓ | ✓ | ✓ | | 55 | 3 | 30000 | 15000 | | 9625 | | 10000 | | | | | 64625 |
| 2 | Ambikapuram | ✓ | | ✓ | ✓ | ✓ | | | 11 | 600000 | | | 90000 | | 40000 | | | | | 730000 |
| 3 | Anchiri | ✓ | ✓ | ✓ | | ✓ | | 185 | 3 | 25000 | 26000 | | 20000 | 10000 | 35000 | 3000 | | 4000 | | 123000 |
| 4 | Anicadu | | | | | | | | 8 | 900000 | 45000 | | | 15000 | 272000 | | | | | 1232000 |
| 5 | Arakuzha | ✓ | | | | ✓ | | 120 | 3 | 140000 | 10750 | | 10000 | | 24000 | | | | 188450 | 373200 |
| 6 | Arikuzha | ✓ | | ✓ | | ✓ | | 58 | 13 | 10105 | 8500 | | 25000 | 7700 | 114741 | 23615 | 10500 | | | 200161 |
| 7 | Ayavana | ✓ | | ✓ | | | | 53 | 6 | 79065 | 10000 | | | 18200 | 40210 | 5000 | 7900 | | | 160375 |
| 8 | Bethlehem | ✓ | ✓ | ✓ | ✓ | ✓ | | 500 | 7 | 300000 | 60000 | | 20000 | 30000 | 20000 | | | 15000 | | 445000 |
| 9 | Cathedral | ✓ | | ✓ | | ✓ | | 3500 | 29 | 514150 | 185000 | 5000 | | 185000 | 454000 | 105000 | | 5000 | | 1453150 |
| 10 | Chalassery | ✓ | ✓ | ✓ | | | | 114 | 2 | 28000 | | | 4500 | 3800 | 26000 | | | | | 62300 |
| 11 | Cheenikuzhi | ✓ | | ✓ | | ✓ | | | | 10000 | 3000 | | | | 30003 | | | | | 43003 |
| 12 | Cheppukulam | ✓ | ✓ | ✓ | | ✓ | | 140 | 1 | 50000 | | | 40000 | 13000 | 55000 | | | 5000 | | 163000 |
| 13 | Chilavu | ✓ | | ✓ | | | 250 | 75 | 12 | 100000 | 60000 | | 18000 | | 40000 | | | 2000 | 434600 | 654600 |
| 14 | Chittoor | ✓ | | | | | | 45 | 3 | 19000 | | | | | 76600 | | | | | 95600 |
| 15 | Enanalloor | ✓ | | ✓ | | | | 232 | 2 | 115000 | 2000 | | 5000 | | 163500 | 7000 | 37000 | | 18220 | 347720 |
| 16 | Ezhalloor | ✓ | | | | | | | 1 | 40000 | | | 75000 | 35000 | 80000 | | | | | 230000 |

| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 17 | Inchathotty | | | | | | | | | | | | | | | | | | | |
| 18 | Inchoor | | | | | | | | | | | | | | | | | | | |
| 19 | Kadalikadu | ✓ | | ✓ | ✓ | ✓ | | 800 | 13 | 300000 | 150000 | 20000 | 30000 | 261500 | 370000 | 50000 | | 25000 | | 1206500 |
| 20 | Kadavoor | ✓ | | ✓ | | | | 87 | 1 | 10000 | 10000 | | 10000 | 1000 | 25000 | 1000 | | 500 | | 57500 |
| 21 | Kaithappara | | | | | | | | | | | | | | | | | | | |
| 22 | Kalayanthany | | | | | | | | | | | | | | | | | | | |
| 23 | Kaliyar | ✓ | | | | ✓ | | 90 | 2 | 600000 | | | | 5000 | 43000 | | | | 42000 | 690000 |
| 24 | Kallanickal | ✓ | | ✓ | | ✓ | | 150 | 27 | 514000 | 63000 | | 6000 | 4000 | 178000 | 65000 | 10000 | 5000 | 94750 | 939750 |
| 25 | Kallelimedu | | | | | | | | | | | | | | | | | | | |
| 26 | Kalloorkad | ✓ | | ✓ | | ✓ | | 230 | 14 | 440273 | 41000 | | | 51500 | 72500 | | | | | 605273 |
| 27 | Kaloor | ✓ | | ✓ | | | | 250 | 3 | 50000 | 20000 | | | | 80000 | 5000 | | | | 155000 |
| 28 | Karakunnam | ✓ | | ✓ | | | | 110 | 8 | 38500 | 9500 | | 59250 | 40000 | 115470 | | 20000 | | 44500 | 327220 |
| 29 | Karimannoor | ✓ | | ✓ | | ✓ | 675 | 561 | 14 | 114950 | 154500 | | 33500 | 29250 | 204450 | 8000 | | | | 544650 |
| 30 | Kavakad | | | ✓ | ✓ | | | 120 | 1 | 30000 | | | | | 5000 | | 30000 | | | 65000 |
| 31 | Keerampara | ✓ | | | | ✓ | | 280 | 1 | 5000 | 1000 | | 15000 | 5500 | 37188 | | | | | 63688 |
| 32 | Kodikulam | ✓ | | ✓ | | ✓ | | 350 | 2 | 225000 | 30000 | | | | 35000 | | 3000 | | | 293000 |
| 33 | Koduvely | ✓ | | ✓ | ✓ | | | 120 | 3 | 260000 | 15000 | | | 11500 | 49000 | | | 9000 | | 344500 |
| 34 | Kolady | ✓ | | ✓ | | | | 50 | | 250000 | 2500 | | | 50000 | 4000 | | 3000 | | 15000 | 324500 |



| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 35 | Kottappady | | | | | | | | 1 | 20000 | 10000 | | 5000 | | 43000 | | | | | 78000 |
| 36 | Kulappara | | | | | | | | | | | | | | | | | | | |
| 37 | Kulappuram | ✓ | ✓ | ✓ | ✓ | | | 250 | 1 | 205000 | 15000 | | 25000 | 30000 | 10000 | 5000 | | 15000 | | 305000 |
| 38 | Kuninji | | | | ✓ | | | | 5 | 628000 | | | 50000 | | 115500 | | 40000 | | | 833500 |
| 39 | Kuruppumpady | | | | | | | | | | | | | | | | | | | |
| 40 | Kuthumkal | | | ✓ | | | | 45 | 3 | 200000 | 10000 | | | 2000 | 20750 | | | | | 232750 |
| 41 | Kuttampuzha | ✓ | | ✓ | | | | 80 | | 50000 | | | | | 10000 | | | | | 60000 |
| 42 | Mailakombu | ✓ | ✓ | ✓ | | ✓ | | 500 | 7 | 166000 | 100000 | | 5000 | 5500 | 102400 | | | | | 3789000 |
| 43 | Malayinchi | | | | | | | | | | | | | | | | | | | |
| 44 | Malippara | ✓ | | | | | | 150 | 4 | 942004 | | | | 3200 | 37900 | 2000 | 4500 | | | 989604 |
| 45 | Mamalakandam | ✓ | | ✓ | | | | | 2 | 3000 | | | | 1000 | 3500 | | | | | 7500 |
| 46 | Mannukadu | | | | | | | | | | | | | | | | | | | |
| 47 | Marady | ✓ | | ✓ | | ✓ | | | 7 | 85000 | 27000 | | 20000 | 15000 | 170050 | | | | | 317050 |
| 48 | Marika | ✓ | | ✓ | | | | 300 | 7 | 500000 | 100000 | | 50000 | 36000 | 100000 | | | 10000 | | 796000 |
| 49 | Mathirappilly | ✓ | | ✓ | ✓ | ✓ | | 200 | 3 | 45000 | | | | 10000 | 111800 | 5000 | | 160 | | 171960 |
| 50 | Meenkunnam | ✓ | | ✓ | | ✓ | | 250 | 3 | 225000 | 30000 | | 5000 | 4000 | 60000 | | | 17600 | 195000 | 536600 |
| 51 | Mekkadampu | ✓ | ✓ | ✓ | | ✓ | | 52 | 3 | 37500 | 6000 | | 11000 | 2500 | 27300 | 1000 | | | 5439 | 90739 |
| 52 | Methotty | | | | | | | | | | | | | | | | | | | |

| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 53 | Mudavoor | ✓ | | | | | | 40 | | 9500 | | | 12000 | 8000 | 5000 | | 5000 | | | 39500 |
| 54 | Mulappuram | ✓ | | ✓ | ✓ | ✓ | | 50 | | 10000 | 150000 | | | | 10000 | | | | | 170000 |
| 55 | Mullaringadu | ✓ | | ✓ | ✓ | ✓ | | 1000 | 7 | 728650 | 7500 | | 60000 | 20000 | 83000 | | | | 100000 | 999150 |
| 56 | Mundanmudy | | | | | | | | | | | | | | | | | | | |
| 57 | Muthalakodam | | | | | | | 155 | 17 | 1550914 | 172000 | | 50000 | 75000 | 1553625 | 15000 | 5000 | | | 3421539 |
| 58 | Muttathupara | ✓ | | | ✓ | | | 70 | | | 5000 | | | | 15000 | 5000 | | | | 25000 |
| 59 | Muvattupuzha | ✓ | | | ✓ | | | | 8 | 382000 | 61000 | | 56000 | 10000 | 40000 | | 52000 | | 144000 | 745000 |
| 60 | Muvattupuzha E. | ✓ | | ✓ | | | | 72 | 4 | 35000 | 15000 | | 8000 | 3000 | 16250 | 3000 | 10000 | | 165000 | 255250 |
| 61 | Nadukani | ✓ | | ✓ | | | | 130 | 28 | 8366570 | 406000 | | | | 400000 | 200000 | | | 200000 | 9572570 |
| 62 | Nadukkara | ✓ | | ✓ | ✓ | ✓ | | 300 | 1 | 100000 | | | 10000 | 25000 | 52000 | | 30000 | | | 217000 |
| 63 | Nakapuzha | ✓ | | ✓ | | | | 350 | 26 | 676258 | 18000 | | | 7000 | 60400 | | | | 33300 | 794958 |
| 64 | Nazarethhill | | | | | | | | | | | | | | | | | | | |
| 65 | Nediakadu | ✓ | | ✓ | | | | 75 | 13 | 4500000 | 135000 | 2000 | 10000 | 110000 | 108000 | | | 10000 | | 4875000 |
| 66 | Nediasala | ✓ | | ✓ | | ✓ | | 98 | 8 | 152500 | 10000 | | | 10000 | 38000 | | | | | 210500 |
| 67 | Nedungapra | ✓ | | ✓ | | ✓ | | 250 | 3 | 300000 | 10000 | | | 7000 | 90250 | | | 2000 | | 409250 |
| 68 | Neendapara | ✓ | | ✓ | | ✓ | | 65 | 1 | 16000 | 5000 | | 4500 | 5000 | 30000 | 8500 | | 3000 | | 72000 |
| 69 | Nellikkuzhi | ✓ | | ✓ | ✓ | | | 50 | 12 | 1621000 | 20000 | 500 | | 39000 | 77500 | 500 | 23940 | 2000 | 29550 | 1813990 |
| 70 | Nellimattam | ✓ | | | | ✓ | | 125 | 7 | 254685 | 76550 | | | 39500 | 562880 | | | | | 933615 |



| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 71 | Neriamangalam | | | | | | | | | 82000 | 35000 | | | 11800 | 55050 | | | | 27974 | 211824 |
| 72 | Neyyassery | ✓ | | | | | | 750 | 5 | 50000 | 5000 | | 5000 | 3000 | 20000 | | 3000 | | | 86000 |
| 73 | Njarakadu | ✓ | | | | | | 75 | 1 | 10000 | | | | | 49200 | | 5000 | | | 64200 |
| 74 | Njayappilly | ✓ | | | | | | 49 | 1 | 5000 | 10000 | | | 2000 | 3000 | 6000 | | | 55000 | 81000 |
| 75 | Oonnukal | | | | | | | | | | | | | | | | | | | |
| 76 | Ottalloor | | | | | | | | | | | | | | | | | | | |
| 77 | Paingottoor | ✓ | | ✓ | | | | 275 | 6 | 175000 | 20000 | | 40000 | | 75000 | | 15000 | | | 325000 |
| 78 | Pallickamury | ✓ | | | | | | | | 26950 | 2000 | | | 13000 | 1900 | 10000 | | | | 53850 |
| 79 | Pannimattam | ✓ | ✓ | ✓ | | ✓ | | 250 | 3 | 487000 | 46500 | | 5000 | 16000 | 73200 | | | | 28750 | 656450 |
| 80 | Parapuzha | | | | | | | | | | | | | | | | | | | |
| 81 | Pareekanny | ✓ | | | | | | | 1 | 20650 | 4000 | | | | 65400 | | | | | 90050 |
| 82 | Pazhampillichal /Nazerathvalley | ✓ | | | | ✓ | | 20 | 1 | 6000 | | | | 2000 | 3000 | 1000 | | | | |
| 83 | Peringassery | ✓ | | ✓ | ✓ | | | 53 | 2 | 5000 | | | | | 15000 | | | | | 20000 |
| 84 | Peringuzha | ✓ | ✓ | ✓ | | ✓ | | 80 | 14 | 4000000 | 55000 | | 60000 | 12650 | 147510 | 30000 | 30000 | | | 4335160 |
| 85 | Perumannoor | | | | | | | | | | | | | | | | | | | |
| 86 | perumballoor | | | | | | | | | | | | | | | | | | | |
| 87 | Perumpallichira | ✓ | | ✓ | ✓ | | | 70 | | | | | | 12000 | 12500 | | | | | 24500 |

| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 88 | Ponnamthanam | ✓ | | ✓ | | | | 190 | 4 | 275000 | 50000 | | 45000 | 18000 | 24500 | 22000 | | 2500 | | 437000 |
| 89 | Pooyamkutty/ Manikandamchal | ✓ | ✓ | ✓ | ✓ | ✓ | | 200 | | | 5000 | | 15000 | 10000 | 15000 | | 5000 | 1000 | | 51000 |
| 90 | Pothanikadu | ✓ | | | | | | | 2 | 60000 | 10000 | | | 12000 | 43000 | | | | | 125000 |
| 91 | Pulianpara | ✓ | | | | | | 95 | 2 | 21000 | | | | 6500 | 5600 | | | | 6500 | 39600 |
| 92 | Pulickathotty | | | | | | | | | | | | | | | | | | | |
| 93 | Punnamattam | ✓ | | ✓ | | | | 120 | | | | | | | 10800 | | | | | 10800 |
| 94 | Purapuzha | ✓ | | ✓ | | ✓ | | 307 | 5 | 76700 | 23500 | | 8000 | 49500 | 111250 | | | | | 268950 |
| 95 | Rajagiri | ✓ | | | ✓ | | | 188 | | | | | | | 8000 | | | | | 8000 |
| 96 | Randar | ✓ | | ✓ | | ✓ | | 55 | 6 | 488600 | 70000 | | 48250 | | 50000 | | | | | 656950 |
| 97 | Thalayanad | ✓ | | ✓ | | ✓ | | 120 | 3 | 1090985 | 15000 | | 34970 | | 42500 | | 5000 | | 75770 | 1264225 |
| 98 | Thattakkuzha | ✓ | | ✓ | | | | 27 | | | | | | | 12000 | | | 1000 | | 13000 |
| 99 | Thazhuvam-kunnu | ✓ | | ✓ | | | | 320 | 8 | 271000 | 10000 | | 40000 | 10000 | 54500 | 6000 | 6500 | | | 398000 |
| 100 | Thennathoor | ✓ | | ✓ | ✓ | ✓ | 1500 | 50 | 2 | 25000 | 10000 | | | 10000 | 23000 | | | | | 68000 |
| 101 | Thodupuzha | ✓ | | ✓ | | ✓ | | 250 | 5 | 2200000 | 100000 | 10000 | 50000 | 15000 | 250000 | 350000 | 60000 | | | 3035000 |
| 102 | Thodupuzha East | | | ✓ | | | | 160 | 3 | 453740 | 51000 | | 120000 | 150250 | 24500 | 1000000 | | 10600 | | 1810090 |
| 103 | Thommankuthu | ✓ | | ✓ | ✓ | ✓ | | 90 | 4 | 125000 | 20000 | 1000 | 10000 | 42000 | 60000 | 10000 | | 20000 | | 288000 |



| Sl. No. | Parish | Conscientization Program | Palliative care services | Mercy Year retreat | Home mission | Counselling facilities | Rice distribution (kg) | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | De-addiction program | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | | Parti-ci-pants | No. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 104 | Thottakkara | ✓ | | ✓ | ✓ | ✓ | | 300 | | | 20000 | | 12000 | 10000 | 198000 | 26000 | | | | 266000 |
| 105 | Thrikkariyoor | ✓ | | ✓ | | | | 125 | 2 | 22000 | 2000 | | | 17000 | 27000 | | | | 650000 | 718000 |
| 106 | Udumpanoor | ✓ | | ✓ | | | | 100 | 21 | 800000 | 95000 | 1500 | | 25000 | 150000 | | | | | 1071500 |
| 107 | Uppukunnu | | | | | | | | | | | | | | | | | | | |
| 108 | Urulanthanny | ✓ | | ✓ | | ✓ | | 150 | 14 | 200000 | | | | 15000 | 15000 | | | 20000 | | 250000 |
| 109 | Vadakode | ✓ | | ✓ | | | | 90 | 4 | 110000 | | | 20000 | 5000 | 40000 | | 3000 | | | 178000 |
| 110 | Vadattupara | | | | | | | | | | | | | | | | | | | |
| 111 | Vandamattam | ✓ | | ✓ | ✓ | ✓ | | 100 | 3 | 170000 | 10000 | 2500 | 178000 | 28000 | 21000 | | | | | 409500 |
| 112 | Vannappuram | ✓ | | ✓ | | | | | | | | | | | | | | | 221105 | 221105 |
| 113 | Vazhakkala | ✓ | ✓ | ✓ | | | | 160 | 5 | 1103000 | | | | 9000 | 102000 | | | | | 1214000 |
| 114 | Vazhakulam | ✓ | ✓ | ✓ | ✓ | ✓ | | 2218 | 34 | 1012155 | 339500 | 10000 | 100000 | 96900 | 489000 | 385000 | | 115000 | | 2547570 |
| 115 | Vazhappilly East | ✓ | | | | | | 206 | | | | | | 5000 | 15000 | | | | | 20000 |
| 116 | Velielchal | ✓ | | | ✓ | ✓ | | 200 | 1 | 700000 | 55000 | | | | 120000 | | | 8000 | | 883000 |
| 117 | Vettampara | ✓ | | ✓ | | | | 150 | 1 | 5000 | | | | 1000 | 10000 | | | | | 16000 |
| 118 | Vettimattam | ✓ | | | | ✓ | | 100 | 1 | 150000 | | | | 50000 | 56200 | | 50000 | | | 156200 |
| | **Total** | 90 | 12 | 71 | 26 | 43 | 2425 | 20625 | 538 | 41834404 | 3374300 | 52500 | 1643595 | 1902250 | 9152377 | 2363615 | 474340 | 308360 | 2774908 | 67128864 |

*C. 27/2017* **CONSOLIDATED REPORT OF THE HOLY YEAR OF MERCY - EPARCHY OF KOTHAMANGALAM (Religious Institutions)**

| Sl. No. | Congregation | Conscientization Program | Palliative care services | Home mission | Counselling facilities | Dress distri. | De-addiction program | Rehabilitation centre | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | Help for going to retreat | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | ✓ | mem-bers. | Partici-pants | no. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 1 | ASI | | | | | | | | | | | | | | | | | | | | |
| 2 | ASMI | | | | | | | | 70 | 4 | 113500 | 9000 | | | 8600 | 68570 | | | 1000 | | 200670 |
| 3 | CHF | ✓ | | ✓ | ✓ | ✓ | ✓ | 10 | 75 | 16 | 303193 | 158801 | 2000 | 400000 | 126630 | 197895 | 73956 | 15675 | | | 1278241 |
| 4 | CMC | ✓ | ✓ | ✓ | ✓ | | ✓ | 287 | 3600 | 101 | 6022000 | 970000 | 3000 | 165000 | 812000 | 1831650 | 240000 | 1115000 | 791386 | 16000 | 11966036 |
| 5 | CMF | | | | | | | | | | | | | | | | | | | | |
| 6 | CMI | ✓ | | ✓ | ✓ | | ✓ | 45 | 360 | 151 | 9600000 | 530000 | 60000 | 386000 | 2100000 | 710000 | 936000 | 630000 | 45000 | | 14997000 |
| 7 | CSM | | | | | | | 48 | 20 | | 20000 | | | | | 500 | | | | 6500 | 27000 |
| 8 | CSN | ✓ | ✓ | ✓ | | ✓ | ✓ | 130 | 351 | 24 | 1100000 | 1598000 | 1500 | 671000 | 499600 | 1046065 | 15700 | | 44100 | 52000 | 5027965 |
| 9 | CST (F) | ✓ | | | ✓ | | ✓ | 30 | 150 | 6 | 25000 | 75000 | | 35000 | 10000 | 30000 | 5000 | 5000 | 5000 | 5000 | 195000 |
| 10 | CST(B) | | | | | | | | | | | | | | | | | | | | |
| 11 | DM | | | | | | | | | | | | | | | | | | | | |
| 12 | FCC | ✓ | ✓ | ✓ | ✓ | | ✓ | 186 | 450 | 53 | 4826490 | 759325 | 100000 | 1540477 | 995260 | 3481997 | 556998 | 13600230 | 153265 | 13874017 | 39888562 |
| 13 | LSDP | ✓ | | ✓ | ✓ | | | 60 | | | | | | | | | | | | | |
| 14 | MSJ | ✓ | ✓ | ✓ | ✓ | ✓ | ✓ | | 200 | 44 | 4564500 | 566500 | | 810000 | 105950 | 9925056 | 316250 | 45000 | 7000 | | 16340256 |
| 15 | MSJ(F) | ✓ | | | | | | | | | | | | | | | | | | | |
| 16 | MSJ(G) | | | | | | | | 117 | 5 | 6052000 | 20000 | | | 1500 | 143755 | 175000 | | | | 6392255 |
| 17 | O.Carm | ✓ | | | | | | | yes | 2 | 190000 | 70000 | | 20000 | 150000 | 110000 | 40000 | 20000 | | | 600000 |
| 18 | OCD | ✓ | | | | | | | 50 | 4 | 700000 | 50000 | | | | 15000 | | | | | 765000 |
| 19 | OFM | ✓ | | | | | ✓ | | | 2 | 150000 | 95000 | | 65000 | | 195000 | | | 30000 | | 535000 |
| 20 | OSB | | | | | | | | | | | | | | | | | | | | |
| 21 | OSFS | | | | | | | | | | | | | | | | | | | | |



| Sl. No. | Congregation | Conscientization Program | Palliative care services | Home mission | Counselling facilities | Dress distri. | De-addiction program | Rehabilitation centre | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | Help for going to retreat | Other helps | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | ✓ | mem-bers. | Partici-pants | no. | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | Amount |
| 22 | SABS | ✓ | ✓ | ✓ | ✓ | | ✓ | 219 | 455 | 30 | 10012000 | 642000 | 24000 | 1307450 | 1184650 | 1175886 | 1174000 | 2351065 | 1968735 | 4118325 | 23958111 |
| 23 | SD | ✓ | ✓ | ✓ | ✓ | | ✓ | 200 | 415 | 11 | 3218000 | 1125000 | | 221300 | 228200 | 235000 | 535000 | 1606500 | 142000 | 840000 | 8151000 |
| 24 | SH | ✓ | ✓ | ✓ | ✓ | | ✓ | 120 | 300 | 132 | 3675000 | 126550 | | 541614 | 146300 | 22722123 | 288000 | 32250 | 31507 | 164000 | 27727344 |
| 25 | SMC | | | | | | | | | | | | | | | | | | | | |
| 26 | SMS | ✓ | | | | ✓ | | 260 | 125 | 2 | 76000 | 45000 | | | 3000 | 33700 | 15000 | 6739810 | | | 6912510 |
| 27 | VC | ✓ | | | | ✓ | | | | 5 | 215000 | 25000 | | | 491500 | 316000 | | 36000 | | | 1083500 |
| **TOTAL** | | 17 | 7 | 10 | 10 | 5 | 11 | 1595 | 6738 | 592 | 50862683 | 6865176 | 190500 | 6162841 | 6863190 | 42238197 | 4370904 | 26196530 | 3218993 | 19075842 | 166045450 |

*C. 28/2017* **CONSOLIDATED REPORT OF THE HOLY YEAR OF MERCY - EPARCHY OF KOTHAMANGALAM ( DIOCESAN INSTITUTIONS)**

| Sl. No. | Institution | Conscientization Program | Palliative care services | Home mission | Counselling facilities | Dress distri. | De-addiction program | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | Help for going to retreat | Others | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | ✓ | Partic-ipants | no | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | | Amount |
| 1 | Bishop's House | | | | | | | | | 255000 | 214000 | | | | 224226 | | | | 103840 | 693226 |
| 2 | CML | ✓ | | | ✓ | ✓ | | 25000 | | 5000 | | 5000 | | | 10000 | 5000 | | 1500 | | 51500 |
| 3 | DFC | ✓ | | | | | | | 1 | 5000 | | | | | 85000 | | | | | 90000 |

| Sl. No. | Institution | Conscientization Program | Palliative care services | Home mission | Counselling facilities | Dress distribution | De-addiction program | Pilgrimage | Housing aid given | | Help for marriage | Jail ministry | Aid for professional edu. | Aid for general edu. | Medical aid | Aid to mission | Aid for Care Homes | Help for going to retreat | Others | Total amount |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | ✓ | ✓ | ✓ | ✓ | ✓ | ✓ | Participants | no | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | amt. spent | | Amount |
| 4 | Jeeva Milk | | | | | | | 232 | 2 | 25000 | 67000 | | 3336700 | 35350 | 2554469 | | 614607 | 18000 | | 6651126 |
| 5 | Jesus Youth | ✓ | | | ✓ | | ✓ | 150 | 4 | 250000 | 150000 | | 10000 | 600000 | 200000 | 150000 | | 50000 | | 1410000 |
| 6 | KCSL | ✓ | | | ✓ | ✓ | | 20 | | | | 500 | | 2600 | | | | 1000 | | 4100 |
| 7 | KCYM | ✓ | | | | | ✓ | 110 | 1 | 85000 | | | | | | | | | | 85000 |
| 8 | Mathruvedhi | ✓ | ✓ | ✓ | ✓ | ✓ | | | 10 | | 600000 | | | | | | | | | 600000 |
| 9 | Minor Seminary | ✓ | | | | | | 40 | | | | 500 | | | 3000 | 12000 | | | | 15500 |
| 10 | Newman College | ✓ | ✓ | | ✓ | | ✓ | | | | | | | 17000 | 38000 | | 32000 | 42000 | | 129000 |
| 11 | Nirmala College | ✓ | | | ✓ | | ✓ | 50 | 3 | 58900 | 15000 | 2000 | 89115 | 5000 | 408117 | | 10000 | 63056 | | 651188 |
| 12 | Nirmala Pub.S. | ✓ | | ✓ | ✓ | | ✓ | | 5 | 8000 | 30000 | | | 25000 | 22000 | 25000 | 40000 | | | 150000 |
| 13 | SFO | ✓ | | | | | | 360 | | | | | | | 40000 | | 195500 | | | 235500 |
| 14 | St.Xavier's Pothan. | ✓ | ✓ | | ✓ | ✓ | ✓ | | 7 | 148964 | | | | 12000 | 47764 | | 10000 | 800 | | 219528 |
| 15 | VijnanaBhavan | ✓ | | | | | | | 1 | 10000 | | | 20000 | | 6000 | | 8000 | 250000 | | 294000 |
| 16 | Vincent De Paul | | | | | | | | | 46250 | 5000 | | | | 27110 | | | | | 78360 |
| 17 | Viswajwothi | ✓ | | | ✓ | | ✓ | | 3 | | | | 8475000 | | 70000 | | | 20000 | | 8565000 |
| 18 | Family Apostolate | | | | | | | | | | | | | | | | | | | |
| 19 | Infarm | | | | | | | | | | | | | | | | | | | |
| 20 | CSM | | | | | | | | | | | | | | | | | | | |
| 21 | NHSS Muvattupuzha | ✓ | | | ✓ | | ✓ | | 3 | 22000 | 10000 | | 6000 | 300000 | 129000 | | 18000 | | 4000000 | 4485000 |
| 22 | HC | | | | | | | | | | | | | | | | | | | |
| 23 | DCMS | | | | | | | | | | | | | | | | | | | |
| 24 | Care Home | | | | | | | | | | | | | | | | | | | |
| 25 | MCA | ✓ | | | ✓ | | | | | | | | 80000 | | 20000 | | | | | 100000 |
| 26 | Social Service | | ✓ | | | | ✓ | | | | | | | | 3700000 | | | | 9300000 | 13000000 |
| 27 | Jeeva Elixir | | | | | | | | | | | | | | | | | | | |
| 28 | B.Ed | | | | | | | | | | | | | | | | | | | |
| 29 | Temperance Movement | | | | | | | | | | | | | | | | | | | |
| 30 | Pharmacy College | ✓ | | | ✓ | | ✓ | | | 1252873 | | | 50000 | | 10000 | 28500 | 2000 | | 6500 | 1349873 |
| | **Total** | 17 | 4 | 2 | 11 | 4 | 10 | 25962 | 40 | 2171987 | 1091000 | 8000 | 12066815 | 996950 | 7594686 | 220500 | 930107 | 446356 | 13410340 | 38857901 |



# മൈനർ സെമിനാരി

### *MS 5 /2017* നവവൈദികർക്ക് സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി പരിശീലനം പൂർത്തിയാക്കി വൈദികപട്ടം സ്വീകരിച്ച നവവൈദികർക്ക് ജനുവരി 6-ാം തീയതി മാതൃഭവനമായ മൈനർ സെമിനാരിയിൽ ഹൃദ്യമായ സ്വീകരണം നൽകി. നവവൈദികർ ആഘോഷമായ സമൂഹബലിയർപ്പിച്ചു. തുടർന്ന് സെമിനാരികുടുംബം അവരെ അനുമോദിച്ചു.

### *MS 6 /2017* അവധിക്കാല ധ്യാനം

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 10 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

### *MS 7 /2017* Benefactors' Day

മൈനർ സെമിനാരിയുടെ ഉപകാരികളുടെ സംഗമം ജനുവരി 26-ാം തീയതി നടന്നു. രാവിലെ 10.00-ന് ഇക്കൊല്ലം രൂപതയ്ക്കുവേണ്ടി അഭിഷിക്തരായ വൈദികരുടെ സമൂഹബലിയോടെ Benefactors' Day ആരംഭിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷത വഹിച്ചു. റെക്ടർ ഫാ. ജോസഫ് അത്തിക്കൽ ഏവരെയും സ്വാഗതം ചെയ്യുകയും സെമിനാരിയുടെ ദൈനംദിന പ്രവർത്തനങ്ങളെക്കുറിച്ചും വരവു ചെലവുകളെ സംബന്ധിച്ചും വ്യക്തമായ ചിത്രം നൽകുകയും ചെയ്തു. തുടർന്ന് അഭിവന്ദ്യ പിതാവ് ഉപകാരികൾ ചെയ്യുന്ന വലിയ സേവനത്തിന് രൂപതയുടെ നാമത്തിൽ നന്ദി അറിയിച്ചു. സാൻജോ ക്വയർ ഗാനം ആലപിക്കുകയും ബ്ര. ജോൺ കുഴിക്കാട്ട് ആശംസകൾ നേരുകയും ചെയ്തു. വൈദിക വിദ്യാർത്ഥികൾ അവതരിപ്പിച്ച ചവിട്ടുനാടകം മനോഹരമായിരുന്നു. തുടർന്ന് നടത്തിയ ചർച്ചയ്ക്ക് വികാരി ജനറാൾ മോൺ. ജോർജ് കാര്യാമഠം നേതൃത്വം നൽകി. ബഹു. അച്ചന്മാരും വിവിധ സന്യാസിനിസഭകളിലെ പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് അടക്കമുള്ള ബഹു. സിസ്റ്റേഴ്സും അല്മായ സഹോദരീ സഹോദരന്മാരുമുൾപ്പെടെ 70 -ഓളം പേർ സംഗമത്തിൽ പങ്കെടുത്തു. ബ്ര. വർക്കി മണ്ണത്തൂക്കാരൻ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. ഉച്ചഭക്ഷണത്തോടെ ചടങ്ങുകൾ സമാപിച്ചു.

*MS 7/2017* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | George Peter, Parankimyalil, Nellimattam | ₹ | 5000 |
| 2 | Thomas Kottackal, Nellimattam | ₹ | 50,000 |
| 3 | P. J. Joseph Puthiaparambil, Nirmala Matha | ₹ | 10000 |
| 4 | St. George Church, Kadavoor | ₹ | 20000 |
| 5 | Bibin Mathew Parakattu, Kadavoor | ₹ | 2000 |
| 6 | Thomas Madapallikunnel, Kadavoor | ₹ | 500 |
| 7 | Moby M Xavier Moorkattil, Njarakad | ₹ | 20000 |
| 8 | Snehagiri Missionary Sisters | ₹ | 5000 |
| 9 | One Benefactor | ₹ | 2000 |
| 10 | One Benefactor | ₹ | 50000 |
| 11 | One Benefactor | ₹ | 10000 |
| 12 | Mathachan Thalackal, Vannappuram | ₹ | 5000 |
| 13 | Joseph Chemparathy Muthalakodam | ₹ | 5000 |
| 14 | K.T. Joseph Kannakulam, Alakode | ₹ | 5000 |
| 15 | FCC Provincial House, Muvattupuzha | ₹ | 25000 |
| 16 | Rev. Fr. Thomas Kapiarumala | ₹ | 15000 |
| 17 | V.J. Mathews Vettikuzhichalil | ₹ | 10000 |
| 18 | SABS Provincial House Thodupuzha | ₹ | 25000 |
| 19 | Sajan P. Mathew Puthenkulam | ₹ | 10000 |
| 20 | Fr. George Peechanikunnel | ₹ | 10000 |
| 21 | Reji Kurumbalakatt Muthalakodam | ₹ | 50000 |
| 22 | Gelthrude John Karithadathil Karimannoor | ₹ | 6000 |
| 23 | Joachen Elenjickal Vazhakala | ₹ | 10000 |

*Rector*

## വിജ്ഞാനഭവൻ

*V. 13/2017* **വിശ്വാസോത്സവം ട്രെയിനിംഗ്**

വിശ്വാസോത്സവത്തിന് ഒരുക്കമായുള്ള അദ്ധ്യാപക ട്രെയിനിംഗ് പ്രോഗ്രം ഫെബ്രുവരി 18 ശനിയാഴ്ച നെസ്റ്റിൽ വച്ച് 9.30 മുതൽ 1.00 വരെ നടക്കുന്നതാണ്. ഓരോ ഇടവകയിൽനിന്നും രണ്ടുപേർ വീതം സെമിനാറിൽ പങ്കെടുക്കണം. പങ്കെടുക്കുന്നവർ ഫെബ്രുവരി 5-ന് മുമ്പ് അറിയിക്കണം.

*V. 14/2017* **നന്ദി**

ജനുവരി 14-ാം തീയതി ശനിയാഴ്ച വിജ്ഞാനഭവനിൽവച്ചു നടന്ന സമ്മാനദാനത്തിൽ പങ്കെടുത്ത എല്ലാവർക്കും അവരെ പറ



ഞ്ഞയച്ച വികാരിയച്ചന്മാർക്കും HM -മാർക്കും നന്ദി. സമ്മാനദാനം നിർവഹിച്ച പ്രോട്ടോസിഞ്ചെല്ലൂസ് പെ. ബ. ജോർജ് ഓലിയപ്പുറം അച്ചനും പ്രത്യേകം നന്ദി.

*V. 15/2017* **പ്രൈവറ്റ് രജിസ്ട്രേഷൻ**

HCC I, HCC II എന്നീ ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയ കുട്ടികൾക്കുള്ള കോൺടാക്റ്റ് ക്ലാസ്സുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബഹു. ഹെഡ്മാസ്റ്റർ/ അദ്ധ്യാപകർ ഇക്കാര്യങ്ങൾ കുട്ടികളെ അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 2-ാം സെമസ്റ്റർ**

ഫെബ്രുവരി 11 ശനി

Contact Class II - Std. XI, XII

സ്ഥലം : നെസ്റ്റ്, മൂവാറ്റുപുഴ

സമയം : 9.30 a.m. – 3.30 p.m.

*V.16/2017* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 1-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 30 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

വിശ്വാസോത്സവം 4 ദിവസവും (ഏപ്രിൽ 3 മുതൽ 6 വരെ) രാവിലെ 9.00 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

*V. 17/2017* **ലോഗോസ് സമ്മാനങ്ങൾ**

ലോഗോസ് സമ്മാനങ്ങൾ കൈപ്പറ്റാത്തവർ ഫെബ്രുവരി 10-ന് മുമ്പ് ഓഫീസിൽ നിന്നും കൈപ്പറ്റേണ്ടതാണ്.

*V. 18/2017* **SMC അവാർഡ്**

കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന സീറോമലബാർ സഭ അവാർഡ് പ്രതിഭാസംഗമത്തിൽ **മരിയ ബെന്നി മലേക്കുടിയിൽ പൈങ്ങോട്ടൂർ** സംസ്ഥാനതലത്തിൽ പ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു. മരിയയ്ക്ക് ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

*V. 19/2017* **കോൺടാക്റ്റ് ക്ലാസ് - ധ്യാനം**

11, 12 ക്ലാസിൽ പ്രൈവറ്റായി രജിസ്റ്റർ ചെയ്ത കുട്ടികൾ കോൺടാക്റ്റ് ക്ലാസ്സിൽ പങ്കെടുക്കാത്തവർ ഉണ്ടെങ്കിൽ മൂവാറ്റുപുഴ നെസ്റ്റിൽ (NESTT) വച്ചു നടക്കുന്ന ധ്യാനത്തിൽ പങ്കെടുത്താൽ മാത്രമേ സർട്ടിഫിക്കറ്റ് തരികയുള്ളൂ. ഇക്കാര്യം ഹെഡ്മാസ്റ്റർമാർ കുട്ടികളെ അറിയിക്കുമല്ലോ. ധ്യാനത്തിന് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം. **ഫോൺ. 9497187834, 8281853557**

*V. 20/2017* **ആദ്യകുർബാനപുസ്തകം**

ആദ്യകുർബാനയ്ക്ക് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ നിന്ന് ലഭിക്കുന്നതാണ്. ക്ലാസ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*Director*

## Corporate Educational Agency

*Edn. 6/2017* **കുന്നംകോട്ടച്ചന് ആദരാഞ്ജലികൾ**

1980 മുതൽ 1994 വരെ കോതമംഗലം കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറിയായിരുന്ന അന്തരിച്ച ബഹു. ജോർജ് കുന്നംകോട്ടച്ചന് എഡ്യൂക്കേഷനൽ ഏജൻസിയുടെ ആദരാഞ്ജലികൾ.

*Edn. 7/2017* **അപേക്ഷാഫോറം**

2017-18 അദ്ധ്യയനവർഷത്തിലേക്കുള്ള പ്രമോഷനും ട്രാൻസ്ഫറിനും വേണ്ടിയുള്ള അപേക്ഷാഫോറങ്ങൾ 01-03-2017 മുതൽ ഈ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷാഫോറങ്ങൾ 31-03-2017-ന് മുമ്പ് ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. മുൻവർഷങ്ങളിൽ അപേക്ഷ നൽകിയിട്ടുള്ളവരും ഈ വർഷം അപേക്ഷ നൽകേണ്ടതാണ്.

*Edn. 8/2017* **Catechism/Moral Science Competitive Examination**

2016-17 അദ്ധ്യയനവർഷത്തെ Catechism/Moral Science മത്സരപരീക്ഷ ഈ മാസം 11-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ മുൻ നിശ്ചയപ്രകാരം നടത്തുന്നതാണ്.



*Edn. 9/2017* **തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂളിന് തിളക്കമാർന്ന വിജയം**

സബ്ജില്ല, റവന്യൂ ജില്ല മേളകളിൽ ഇത്തവണയും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് യു.പി. സ്കൂൾ മിന്നുന്ന വിജയം കരസ്ഥമാക്കി. വിവിധ ഇനങ്ങളിൽ സ്കൂൾ കൈവരിച്ച നേട്ടങ്ങൾ ഇവയാണ്.

| | |
|---|---|
| സബ് ജില്ലാ കലോത്സവം | - L.P. ഓവറോൾ, U.P. ഓവറോൾ |
| അറബി കലോത്സവം | - L.P. ഓവറോൾ |
| KCSL രൂപത കലോത്സവം | - U.P. ഓവറോൾ |
| റവന്യൂ ജില്ല ഗണിതശാസ്ത്രമേള | - L.P. ഓവറോൾ |
| സബ് ജില്ല ഗണിതശാസ്ത്രമേള | - L.P. ഓവറോൾ |
| സബ്ജില്ല ശാസ്ത്രമേള | - U.P. ഓവറോൾ |
| സബ്ജില്ല സാമൂഹ്യശാസ്ത്രമേള | - L.P. ഓവറോൾ, U.P. റണ്ണേഴ്സ് അപ്പ് |
| സബ്ജില്ല പ്രവൃത്തിപരിചയമേള | - L.P. ഓവറോൾ, U.P. റണ്ണേഴ്സ് അപ്പ് |

**പൈങ്ങോട്ടൂർ സെന്റ് ജോസഫ്സ് L.P.S.**

കോതമംഗലം സബ്ജില്ല തലത്തിൽ നടന്ന വിവിധ മേളകളിൽ പൈങ്ങോട്ടൂർ സെന്റ് ജോസഫ്സ് L.P.S. അഭിനന്ദനാർഹമായ നേട്ടങ്ങൾ കൈവരിച്ചു.

| | |
|---|---|
| പ്രവൃത്തി പരിചയമേള | - ഓവറോൾ |
| സാമൂഹ്യശാസ്ത്രം ക്വിസ് | - A grade I |
| ഗണിതശാസ്ത്രം ക്വിസ് | - A grade I |
| കായികമേള | - റണ്ണേഴ്സ് അപ്പ് |
| കലോത്സവം | - റണ്ണേഴ്സ് അപ്പ് |
| അറബി കലോത്സവം | - റണ്ണേഴ്സ് അപ്പ് |
| ശാസ്ത്രമേള | - റണ്ണേഴ്സ് അപ്പ് |

തൊടുപുഴ ഉപജില്ല ഗണിതശാസ്ത്രമേളയിലും നീന്തൽ മത്സരത്തിലും കാളിയാർ സെന്റ് മേരീസ് ഹൈസ്കൂൾ ഒന്നാം സ്ഥാനം നേടി. ശാസ്ത്രമേളയിൽ രണ്ടാംസ്ഥാനവും ഈ സ്കൂളിനാണ്.

തൊടുപുഴ സബ്ജില്ല അറബി കലോത്സവത്തിൽ മുതലക്കോടം SH ഗേൾസ് ഹൈസ്കൂൾ ഒന്നാംസ്ഥാനം നേടി. ജനറൽ വിഭാഗത്തിൽ 131 പോയിന്റോടെ മൂന്നാം സ്ഥാനവും ഈ സ്കൂൾ കരസ്ഥമാക്കി.

കല്ലൂർക്കാട് ഉപജില്ല ഗണിത ശാസ്ത്രമേളയിൽ ആനിക്കാട് സെന്റ് ആന്റണീസ് LPS ഒന്നാം സ്ഥാനം നേടി. ശാസ്ത്രമേള, സാമൂഹ്യ ശാസ്ത്രമേള, അറബി കലോത്സവം എന്നിവയിൽ രണ്ടാം സ്ഥാനവും ജില്ല ശാസ്ത്രമേളയിൽ മൂന്നാം സ്ഥാനവും ഈ സ്കൂളിനാണ്.

തൊടുപുഴ ഉപജില്ല സംസ്കൃതോത്സവത്തിൽ ചെപ്പുകുളം സെന്റ് തോമസ് UPS രണ്ടാം സ്ഥാനത്തിനർഹമായി.

കൂത്താട്ടുകുളം സബ്ജില്ല പ്രവൃത്തി പരിചയമേളയിൽ മാറിക സെന്റ് മേരീസ് LPS-നാണ് ഓവറോൾ. സബ്ജില്ല കലോത്സവം, കായികമേള എന്നിവയിൽ റണ്ണേഴ്സ് അപ്പും നേടി.

കോതമംഗലം ഉപജില്ല സംസ്കൃതോത്സവത്തിൽ നാടുകാണി സെന്റ് തോമസ് UPS രണ്ടാംസ്ഥാനം നേടി.

മികച്ച വിജയം നേടാൻ ഒത്തൊരുമയോടെ പ്രവർത്തിച്ച എല്ലാ അദ്ധ്യാപകരെയും കുട്ടികളെയും അഭിനന്ദിക്കുന്നു.

*Edn. 10 /2017* **അദ്ധ്യാപക നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്നു**

നമ്മുടെ കോർപ്പറേറ്റിലെ സ്കൂളുകളിൽ Maths/Physical Science/ Natural Science/Social Science/ Physical Education/Drawing എന്നീ വിഷയങ്ങൾ പഠിപ്പിക്കുവാൻ യോഗ്യതാസർട്ടിഫിക്കറ്റുകൾ നേടിയിട്ടുള്ളവരിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫോറങ്ങൾ ഫെബ്രുവരി 15 മുതൽ മാർച്ച് 5 വരെ Corporate Educational Office -ൽ നിന്നും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷ ഫോറങ്ങൾ മാർച്ച് 15-നുള്ളിൽ ലഭിച്ചിരിക്കണം. അതിനുശേഷം ലഭിക്കുന്ന അപേക്ഷാ ഫോറങ്ങൾ സ്വീകരിക്കുന്നതല്ല.

*Secretary*

## തിരുബാലസഖ്യം

*HC 4 /2017* **പ്രവർത്തനവർഷ ഉദ്ഘാടനവും തിരുബാലസഖ്യദിനാഘോഷവും**

ഈ വർഷത്തെ **തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനം ഫെബ്രുവരി 11-ാം തീയതി** ശനിയാഴ്ച രാവിലെ 10 മണിക്ക്



മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിക്കുന്നു. **തിരുബാലസഖ്യദിനമായി** ആഘോഷിക്കുന്ന അന്നേദിവസം നടക്കുന്ന സമ്മേളനത്തിൽ എല്ലാ ശാഖകളിൽ നിന്നും ആനിമേറ്റേഴ്സും അഞ്ച് ഭാരവാഹികളും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 9 /2017* **ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്**

ഫെബ്രുവരി 25 ശനിയാഴ്ച രൂപതാ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് നെസ്റ്റിൽ വച്ച് നടത്തുന്നു. രാവിലെ 9.30-ന് ആരംഭിക്കുന്ന മീറ്റിംഗിലേക്ക് എല്ലാവരും എത്തുവാൻ ശ്രദ്ധിക്കുമല്ലോ.

*CML 10 /2017* **പരീക്ഷ ഒരുക്ക പ്രാർത്ഥന**

SSLC, +2 ക്ലാസ്സുകളിലെ കുട്ടികൾക്കായി ഫെബ്രുവരി 18-ാം തീയതി രാവിലെ 9.00 മണിമുതൽ 12 മണിവരെ പരീക്ഷാ ഒരുക്ക പ്രാർത്ഥന മൂന്ന് റീജിയണുകളിലായി നടത്തുന്നു. കോതമംഗലം റീജിയണിലെ പ്രാർത്ഥന സെന്റ് ജോർജ് കത്തീഡ്രലിൽ വച്ചും വാഴക്കുളം റീജിയണിലെ പ്രാർത്ഥന എമ്മാനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ചും മുതലക്കോടം റീജിയണിലെ പ്രാർത്ഥന സേക്രട്ട് ഹാർട്ട് ഗേൾസ് ഹൈസ്കൂളിൽ വച്ചും നടത്തുന്നു.

*CML 11 /2017* **മിഷൻസന്ദർശനം**

മിഷൻലീഗ് രൂപതാ ഭാരവാഹികൾ ബഹു. ഡയറക്ടറച്ചനോടൊപ്പം ജനുവരി 30 മുതൽ ഫെബ്രുവരി 6 വരെ ഛാന്ദാ രൂപതയിൽ മിഷൻ സന്ദർശനം നടത്തുന്നു. രൂപതാഭാരവാഹികളെയും മിഷൻ സന്ദർശനത്തെയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം.

*CML 12 /2017* **ചെറുസൂനം ക്വിസ്**

ശാഖാതല ചെറുസൂനം ക്വിസ് ഫെബ്രുവരി 12-ാം തീയതി അതാതു ശാഖകളിൽ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. ചോദ്യപേപ്പർ രൂപതയിൽ നിന്നും എത്തിക്കുന്നതായിരിക്കും.

*CML 13 /2017* **വരിസംഖ്യ/അടയ്ക്കേണ്ട തുകകൾ**

ചെറുസൂനം മാസികയുടെ വരിസംഖ്യയും സംഭാവനാക്കൂപ്പൺ, കലണ്ടർ എന്നിവയുടെ തുകയും നൽകാത്തവർ ആനിമേറ്റേഴ്സ് മീറ്റിന് വരുമ്പോൾ കൊണ്ടുവരികയോ രൂപതാ ഓഫീസിൽ എത്തിക്കുകയോ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

*CML 14 /2017* **ഫെബ്രുവരി വാർത്തകൾ**

ഫെബ്രുവരി 15-ന് മുമ്പ് ബുള്ളറ്റിൻ വാർത്തകൾ ഓഫീസിൽ എത്തിക്കുവാൻ ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ.

*Director*

## കെ.സി.എസ്.എൽ.

*KCSL 6/2017* **വെബ്സൈറ്റ് ഉദ്ഘാടനം**

K.C.S.L. വെബ്സൈറ്റ് ഉദ്ഘാടനം ആനിമേറ്റേഴ്സ് സംഗമത്തിൽ വച്ച് വികാരി ജനറാൾ വെരി. റവ.മോൺ. ജോർജ്ജ് കാര്യാമഠം നിർവഹിച്ചു. Web site :-www.cmlkcslkothamangalam.com

*KCSL 7/2017* **സംസ്ഥാനകലോത്സവം**

കാഞ്ഞിരപ്പള്ളിയിൽ വച്ചു നടന്ന സംസ്ഥാനകലോത്സവത്തിൽ കോതമംഗലം രൂപത ഓവറോൾ മൂന്നാം സ്ഥാനവും യു.പി. വിഭാഗത്തിൽ ഒന്നാം സ്ഥാനവും ഹൈസ്കൂൾ വിഭാഗത്തിൽ രണ്ടാം സ്ഥാനവും ഹയർ സെക്കന്ററി വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

*KCSL 8/2017* **മികച്ച സംസ്ഥാന യൂണിറ്റ്**

എച്ച്.എസ്.എസ്. വിഭാഗത്തിൽ തുടർച്ചയായി 4-ാം വർഷവും മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ട കോതമംഗലം സെന്റ് അഗസ്റ്റിൻസ് എച്ച്. എസ്. എസ്.-ലെ പ്രിൻസിപ്പലിനും ആനിമേറ്റേഴ്സിനും K.C.S.L. അംഗങ്ങൾക്കും രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. ഇതിനായി കുട്ടികളെ ഒരുക്കിയ അദ്ധ്യാപകരെയും ആനിമേറ്റേഴ്സിനെയും ഭാരവാഹികളെയും നന്ദിയോടെ ഓർക്കുന്നു.

സംസ്ഥാനകലോത്സവത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയവർ:



### UP Section

| | | |
|---|---|---|
| **Bhakthiganam** (Boys) | I | Nevil Jeeson, Jai Rani Public School, Thodupuzha |
| **Puthen Pana** | I | Andriya Rose Joseph, Jai Rani Public School, Thodupuzha |
| **Single Dance** | I | Alanya Siju, St. Sebastian's UPS Thodupuzha |
| **Chavittunadakam** | II | Annmariya Anto, St. Augustine's Girls' HSS Kothamangalam |
| **Bhakthiganam(Girls)** | III | Andriya Rose Joseph, Jai Rani Public School, Thodupuzha |
| **Monoact** | III | Sraya M Johny,Vidyajyothi UPS Chalassery |
| **Margamkali** | III | Jesna Joseph & Party, SAGHSS Kothamangalam |
| **Parichamuttu** | III | Jewel Reji & Party, St. Sebastian's UPS Thodupuzha |

### HS Section

| | | |
|---|---|---|
| **Elocution (Eng)** | III | Ashada Tomy, St. Xavier's Public School Pothanikad |
| **Chavara Elocution** | III | Nikhil Biju, St. Joseph HSS, Karimannoor |
| **Puthen Pana** | III | Dona Shaji, St. Xavier's Public School Pothanikad |
| **Margamkali** | III | Aleena Benny & Party, St. George HSS, Kalayanthani |

### HSS Section

| | | |
|---|---|---|
| **Elocution (Malayalam)** | I | Jeeva George,St. Augustine's Girls' HSS Muvattupuzha |
| **Single Dance** | II | Athira Baby, Jai Rani EMHSS Thodupuzha |
| **Bhakthiganam** | III | Abin George, St. Sebastian HSS Anicad |
| **Parichamutt** | II | Ditson George & Party, St. George HSS Muthalakodam |
| **Margam Kali** | III | Gerin George & Party, St. George HSS Muthalakodam |
| **Kadaprasangam** | III | Elsamaria George, Jai Rani EMHSS Thodupuzha |

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 8/2017* **അംബികാപുരം ദീപിക സമ്പൂർണ്ണ ഇടവക**

ദീപിക സമ്പൂർണ്ണ ഇടവകയായി 02-01-2017-ൽ പ്രഖ്യാപിക്കപ്പെട്ട അംബികാപുരം ഇടവകയ്ക്ക് DFC രൂപതാസമിതിയുടെ അഭിനന്ദനങ്ങൾ. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവാണ്

പ്രഖ്യാപനം നടത്തിയത്. വികാരി ഫാ. ജോസ് കിഴക്കേലും ഇടവക ഭാരവാഹികളും ദീപിക സമ്പൂർണ്ണമാക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

*DFC 9/2017* **ഇടവക കമ്മിറ്റികൾ**

കഴിഞ്ഞമാസം രൂപതാഭാരവാഹികളുടെ സാന്നിധ്യത്തിൽ, നെടുങ്ങപ്ര, മുട്ടത്തുപാറ, ഏനാനല്ലൂർ, തോട്ടക്കര, വണ്ണപ്പുറം, കലൂർ, നെയ്യശ്ശേരി എന്നീ ഇടവകകളിൽ DFC കമ്മിറ്റികൾ ചേരുകയും ചർച്ചകളും സംശയ നിവാരണങ്ങളും നടത്തുകയും ചെയ്തു.

*DFC 10/2017* **മാധ്യമദിനവും ദീപിക പ്രചാരണവാരവും ആചരിക്കുന്നു.**

രൂപതയിലെ എല്ലാ ഇടവകകളിലും മാധ്യമദിനവും ദീപിക പ്രചാരണവാരവും സൗകര്യപ്രദമായ തീയതികളിൽ നടത്തുന്നത് അഭികാമ്യമായിരിക്കും. ഇതിനായി DFC രൂപതാ കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രസ്തുതദിനത്തിന്റെ തലേ ആഴ്ചയിൽ ഭാരവാഹികൾക്കായി (DFC, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കുടുംബകൂട്ടായ്മ, വ്യത്യസ്ത സംഘടനകൾ) ബോധവൽക്കരണ ചർച്ചാക്ലാസ്സും ഞായറാഴ്ച ദൈവാലയത്തിൽ പ്രസംഗവും തുടർന്ന് ദീപിക ദിനപ്പത്ര പ്രചാരണവും നടത്തണം. ദീപിക ദിനപ്പത്ര പ്രചാരണത്തിനായി സമ്മതപത്രവും ദീപികയുടെ വളർച്ചയെ സംബന്ധിക്കുന്നതും സഭ മാധ്യമലോകത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും അവ വഴി സഭാവിശ്വാസികളിലുണ്ടാകുന്ന അസ്വസ്ഥതകളും വ്യക്തമാക്കുന്ന ലഘുലേഖയും തയ്യാറാക്കിയിട്ടുണ്ട്. അഭിവന്ദ്യ പിതാവ് ഓരോ ഭവനങ്ങളിലേയ്ക്കുമായി നൽകിയിരിക്കുന്ന കത്തും ഇതോടൊപ്പം നൽകുന്നതാണ്.

*Co-ordinator*

## സോഷ്യൽ സർവീസ്

*SS. 5 /2017* **ജീവ റ്റീ, ജീവ കോഫി ഉദ്ഘാടനം ചെയ്തു**

കോതമംഗലം രൂപത സാമൂഹ്യ ക്ഷേമ പ്രസ്ഥാനത്തിന്റെ പുതിയ ഉല്പന്നങ്ങളായ ജീവ റ്റീ, ജീവ കോഫി എന്നിവ പുറത്തിറക്കി. ഉല്പന്നങ്ങളുടെ വിപണന ഉദ്ഘാടനം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വൈദികരുടെ സ്റ്റഡി ഫോറത്തിൽ വച്ച് അഭിവന്ദ്യ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് രൂപത ഓഡിറ്റർ ശ്രീ. ജോസ് കാപ്പനും,



രൂപത ഫിനാൻഷ്യൽ കൗൺസിൽ അംഗം അഡ്വ. കെ.റ്റി തോമസിനും നൽകി നിർവഹിച്ചു. ഡയറക്ടർ ഫാ. ജേക്കബ് തലാപ്പിള്ളിൽ, പ്രിൻസ് തുരുത്തിപ്പിള്ളിൽ, വിൽസൺ കിളിവള്ളിക്കൽ, അഡ്വ. റോബിൻ ആന്റണി എന്നിവർ പങ്കെടുത്തു.

*Director*

## യുവദീപ്തി

*YD 4 /2017* **രൂപതയ്ക്ക് പുതിയ നേതൃത്വം**

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപത 2017 വർഷത്തേക്കുള്ള പുതിയ നേതൃത്വത്തെ തിരഞ്ഞെടുത്തു. വാഴക്കുളം ഇടവകാംഗമായ ശ്രീ. ടോം ചക്കാലക്കുന്നേൽ തുടർച്ചയായി രണ്ടാം വർഷവും പ്രസിഡന്റായും നെയ്യശ്ശേരി ഇടവകാംഗമായ ശ്രീ. സിറിൾ അത്തിക്കൽ ജനറൽ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. ജനുവരി 7, 8 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന രൂപതാ വാർഷിക കൗൺസിലിലാണ് തിരഞ്ഞെടുപ്പ് നടന്നത്. രൂപതാ കൗൺസിൽ നിർമ്മല പബ്ലിക് സ്കൂൾ പ്രിൻസിപ്പൽ റവ. ഫാ. മാത്യു മുണ്ടയ്ക്കൽ ഉദ്ഘാടനം ചെയ്തു. രൂപതയിലെ പന്ത്രണ്ട് ഫൊറോനയിൽ നിന്നുള്ള പ്രതിനിധികളാണ് കൗൺസിലിൽ പങ്കെടുത്തത്. വൈസ് പ്രസിഡന്റുമാരായി ജോസ്ന ജോസഫ് പോത്താനിക്കാട്, ജോസ് കുഞ്ചറക്കാട്ട് എന്നിവരും സെക്രട്ടറിമാരായി ജിബിൻ കുന്നേൽ വാഴക്കുളം, നിമെൻ ജോസഫ് രാജഗിരി, ആൻമരിയ സി. ഉടുമ്പന്നൂർ, റോസ് മരിയ ജോർജ് ആരക്കുഴ എന്നിവരും ട്രഷറർ ആയി നാകപ്പുഴ ഇടവക ജിബിൻ താന്നിക്കാമറ്റത്തിലും തിരഞ്ഞെടുക്കപ്പെട്ടു. തുടർന്നു നടന്ന സംയുക്ത കമ്മിറ്റിയിൽ സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങളായി അബി മാത്യൂസ് കാഞ്ഞിരപ്പാറയിൽ ചിറ്റൂർ, സീലിയ ജോസ് ഇല്ലിക്കൽ ആരക്കുഴ എന്നിവരെയും സംസ്ഥാന സെനറ്റ് മെമ്പർമാരായി അജിൻ മുണ്ടോളിക്കൽ മുതലക്കോടം, ജിയോ ജേക്കബ് തൊടുപുഴ, അനീറ്റ സിറിൽ ആരക്കുഴ, അനു ജോൺ തഴുവംകുന്ന് എന്നിവരെയും തിരഞ്ഞെടുത്തു.

*YD 5 /2017* **'ഉത്സവ് -2016'**

യുവദീപ്തി -കെ.സി.വൈ.എം. കോതമംഗലം രൂപത ആതിഥ്യമരുളിയ സംസ്ഥാന കലോത്സവം 'ഉത്സവ്-2016' ഡിസംബർ 9, 10, 11

തീയതികളിൽ മൂവാറ്റുപുഴ നിർമ്മലാ കോളേജിൽ വച്ച് നടത്തി. കോതമംഗലം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് കലോത്സവം ഉദ്ഘാടനം ചെയ്തു. പെരിയ ബഹു. മോൺ. ജോർജ് കുരുക്കൂറിനെ ചടങ്ങിൽ ആദരിച്ചു. സംസ്ഥാന പ്രസിഡന്റ് ശ്രീ. സീജോ ഇലന്തൂർ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. കേരളത്തിലെ 31 രൂപതകൾ പങ്കെടുത്ത സംസ്ഥാന കലോത്സവത്തിൽ കോതമംഗലം, താമരശ്ശേരി രൂപതകൾ ഒന്നാംസ്ഥാനം പങ്കിട്ടു.

*Director*

## ജീസസ് യൂത്ത്

*JY 3 /2017* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ജനുവരി 13-ാം തീയതി 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടന്നു. അടുത്ത നൈറ്റ് വിജിൽ ഫെബ്രുവരി 10-ാം തീയതി വെള്ളിയാഴ്ചയായിരിക്കും.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 5 /2017* **രൂപതാകൗൺസിൽ**

രൂപതാ കൗൺസിൽ ഫെബ്രുവരി 17-ാം തീയതി രാവിലെ 10 മണിക്ക് മൂവാറ്റുപുഴ നെസ്റ്റിൽ വച്ചുകൂടുന്നു.

*FA 6 /2017* **ഫൊറോനസംഗമങ്ങൾ**

ഫെബ്രുവരി 18-ാം തീയതി മൈലക്കൊമ്പ് ഫൊറോനയിലും ഫെബ്രുവരി 25-ാം തീയതി ആരക്കുഴ ഫൊറോനയിലും സംഗമം നടത്തുന്നു. രാവിലെ 9.00 മണിക്ക് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നതാണ്. ഇടവക, ഫൊറോന, വാർഡുതല പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്. സംഗമങ്ങളിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തും.

*Director*



## മാതൃവേദി

*MV1 /2017* **ഉണർവ് 2017**

കോതമംഗലം രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ അമ്മമാർക്കുവേണ്ടി നടത്തുന്ന സമഗ്ര-പരിശീലന പരിപാടിയാണ് ഉണർവ്. ഒരു വർഷം നീണ്ടുനിൽക്കുന്ന ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവഹിച്ചു. എല്ലാ മാസവും മൂന്നാമത്തെ ചൊവ്വാഴ്ചയാണ് ക്ലാസ്സുകൾ നടക്കുന്നത്.

*MV2 /2017* **മാതൃവേദി നാഷണൽ ജനറൽ ബോഡി**

മാതൃവേദിയുടെ നാഷണൽ ജനറൽ ബോഡി ജനുവരി 17, 18 തീയതികളിൽ നെസ്റ്റിൽ നടന്നു. സീറോ മലബാർ മാതൃവേദിയുടെ എല്ലാ രൂപതകളിൽ നിന്നുമുള്ള പ്രതിനിധികൾ പങ്കെടുത്തു. കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, കാഞ്ഞിരപ്പള്ളി രൂപത സഹായമെത്രാൻ മാർ ജോസ് പുളിക്കൽ എന്നിവരുടെ മഹനീയ സാന്നിദ്ധ്യവും ഉദ്ഘാടനസമ്മേളനത്തിലുണ്ടായിരുന്നു.

*MV3 /2017* **ആനിമേറ്റേഴ്സ് മീറ്റ്**

ജനുവരി 14-ാം തീയതി ശനിയാഴ്ച നെസ്റ്റിൽ വച്ച് മാതൃവേദിയുടെ യൂണിറ്റ്, ഫൊറോന ആനിമേറ്റർമാരുടെ സംഗമം രാവിലെ 10 മണി മുതൽ നടന്നു.

*Director*

## KCBC വനിതാകമ്മീഷൻ

*KCBCWC 1 /2017*

31-01-2017-ൽ പാലാരിവട്ടം പി.ഒ.സി.യിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ വച്ച് ആറ് വർഷം വനിതാകമ്മീഷൻ ചെയർമാൻ ആയി സേവനം ചെയ്ത ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന് യാത്രയയപ്പും പുതിയതായി ചാർജ്ജെടുത്ത കോട്ടപ്പുറം രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കാരിക്കശ്ശേരി പിതാവിന് സ്വീകരണവും നൽകി. വനിതാകമ്മീഷന്റെ സ്മരണിക പി.ഒ.സി. ഡെപ്യൂട്ടി ഡയറക്ടർ റവ. ഡോ. വർഗീസ് വള്ളി

ക്കാട്ടിന് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. കേക്ക് മുറിച്ച് ക്രിസ്തുമസ്സ് ആശംസകൾ നേർന്നു.

*Director*

# D.C.M.S.

*DCMS 2 /2017* **ഏകദിന ജീവിതദർശനസെമിനാർ**

DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നാകപ്പുഴ ഇടവകയിൽ വച്ച് ദളിത് കത്തോലിക്കരായ മാതാപിതാക്കൾക്കുവേണ്ടി ഫെബ്രുവരി 18-ാം തീയതി ശനിയാഴ്ച 9.00 മണി മുതൽ 4.00 മണി വരെ ജീവിതദർശനസെമിനാർ ഉണ്ടായിരിക്കുന്നതാണ്. DCMS സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ജോണി പരമല, രൂപതാ ആനിമേറ്റർ സി. മെർളി പെരുമ്പനാനി, ശ്രീമതി മർത്താമ്മ ജോസ് നെടുതടം എന്നിവർ ക്ലാസ്സുകൾ നയിക്കും. ബ. വികാരിയച്ചന്മാർ ഈ വിവരം ഇടവകയിൽ പറഞ്ഞ് ആളുകളെ പറഞ്ഞുവിടുമല്ലോ.

*Director*

# ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 3 /2017* **ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായ്...**

2016 മാർച്ച് 4-ാം തീയതി യമനിലെ ഏദനിൽ സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി നടത്തുന്ന ഒരു വൃദ്ധമന്ദിരത്തിൽ ഭീകരർ അതിക്രമിച്ചു കയറി നാലു സിസ്റ്റേഴ്സ് ഉൾപ്പെടെ 16 പേരെ വധിക്കുകയും അവിടെ ചാപ്പലിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഫാ. ടോം ഉഴുന്നാലിനെ തട്ടിക്കൊണ്ടുപോവുകയും ചെയ്തു. ഫാ. ടോമിന്റെ മോചനത്തിനായി സഭാതലത്തിലും രാഷ്ട്രീയതലത്തിലും പല ശ്രമങ്ങളും നടത്തിയെങ്കിലും അതൊന്നും ഫലം കണ്ടില്ല.

കത്തോലിക്കാ കോൺഗ്രസ് 01-01- 2017-ൽ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി കോതമംഗലം രൂപതയിലെ ഒട്ടുമിക്ക പള്ളികളിലും പ്രാർത്ഥനായജ്ഞം നടത്തുകയും യോഗങ്ങളും റാലികളും നടത്തി പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്തു.

09-01-2017-ൽ എറണാകുളം ഹൈകോർട്ട് ജംഗ്ഷനിൽ കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഒരു ദിവസത്തെ ഉപവാ



സവും പ്രാർത്ഥനായജ്ഞവും ഇതിനായി നടത്തി. വിവിധ മതവിഭാഗങ്ങളിൽ നിന്നുള്ളവർ ഇതിൽ പങ്കെടുത്തു.

*Director*

# Emmanuel Retreat Centre, Vazhakulam

*ERC 1 /2017* **ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ**

1. ഒന്നാം ശനി (04-02-2017)
   "എമ്മാനുവേൽ ഏകദിന കൺവെൻഷൻ"-9.00 am മുതൽ 1.00 pm വരെ. (ജപമാല, വി. കുർബാന, ദൈവകരുണയുടെ നൊവേന, ദിവ്യകാരുണ്യ ആരാധന)
2. രണ്ടാം വ്യാഴം (09-02-2017)
   "ബഹു. വൈദികരുടെ കൂട്ടായ്മ" - 7.00 pm മുതൽ 9.00 pm വരെ.
3. രണ്ടാം ശനി (11-02-2017)
   "രോഗീ ദിനം" കാൻസർ രോഗികൾ, കിഡ്നി രോഗികൾ മറ്റു മാരകരോഗങ്ങൾക്ക് അടിമപ്പെട്ടവർക്കും അവരുടെ കുടുംബാംഗങ്ങൾക്കും വേണ്ടി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നു. 9.00 am മുതൽ - 1.00 pm വരെ.
   ജപമാല, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, രോഗശാന്തി ശുശ്രൂഷ.
4. മൂന്നാം വ്യാഴം (16-02-2017) അഖണ്ഡകരുണക്കൊന്ത
   രാവിലെ 9.00 മണി മുതൽ വൈകിട്ട് 5 മണിക്ക് വി. കുർബാനയോടെ സമാപിക്കുന്നു.
5. 18-02-2017 പരീക്ഷാ ഒരുക്ക പ്രാർത്ഥന
   എമ്മാനുവേൽ ധ്യാനകേന്ദ്രത്തിന്റെയും കോതമംഗലം രൂപതാമിഷൻലീഗിന്റെയും സംയുക്താഭിമുഖ്യത്തിൽ +2 വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പരീക്ഷാ ഒരുക്ക പ്രാർത്ഥന ജപമാല, വി. കുർബാന, ആരാധന, കൈവയ്പ്പുപ്രാർത്ഥന.
6. 24-02-2017 അവസാന വെള്ളി (Night Vigil)
   വൈകുന്നേരം 4.30-ന് കുരിശിന്റെ വഴിയോടുകൂടി ആരംഭിക്കുന്നു വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാല പ്രദക്ഷിണം എന്നിവയോടെ രാത്രി 10 മണിക്ക് ശുശ്രൂഷകൾ സമാപിക്കുന്നു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 5/2017* **വാർഷിക പദ്ധതികൾ**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ ഭ്രാതൃത്വങ്ങൾ 2017-ലെ കർമ്മ പദ്ധതികൾ തയ്യാറാക്കുന്നു. പള്ളിക്കാമുറി, വണ്ടമറ്റം എന്നീ ഭ്രാതൃത്വങ്ങൾ പദ്ധതികൾക്ക് രൂപം നൽകി.

*SFO 6/2017* **ഭക്ഷണ വിതരണം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ മൂവാറ്റുപുഴ ജനറൽ ഹോസ്പിറ്റലിലെ ഭക്ഷണ വിതരണം വിജയകരമായി 4-ാം വർഷത്തിലേക്ക് പ്രവേശിച്ചു, കോടിക്കുളം ഭാതൃത്വം ഭക്ഷണവിതരണത്തിലേക്ക് 9700 രൂപ സമാഹരിച്ചു.

*SFO 7/2017* **വാർഷിക ആഘോഷം**

അല്മായ ഫ്രാൻസിസ്കൻ സഭയുടെ രൂപതാ തല വാർഷികം 2017 ഫെബ്രുവരി മാസം നടത്തുവാൻ തീരുമാനിച്ചു. അതിന്റെ മുന്നൊരുക്കമായ രൂപതാകലോത്സവം ജനുവരി 26-ന് മൂവാറ്റുപുഴ ലിറ്റിൽ ഫ്ളവർ സ്കൂളിൽ വച്ച് നടത്തി.

*SFO 8/2017* **ഏകദിനധ്യാനങ്ങൾ**

2017 ജനുവരി മാസത്തിലെ രാത്രി ആരാധന തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ച് ജനുവരി മാസം 6-ാം തീയതി നടത്തി. വിവിധ കർമ്മരംഗങ്ങളിൽനിന്നു വിരമിച്ചവർക്കുവേണ്ടി ജനുവരി 20 വെള്ളിയാഴ്ച പള്ളിക്കാമുറി ദൈവാലയത്തിൽ വച്ച് ഏകദിന ധ്യാനം നടത്തി. ഫെബ്രുവരി മാസത്തിലെ കൂട്ടായ്മകൾ 3, 17 തീയതികളിൽ യഥാസ്ഥലങ്ങളിൽ വച്ച് നടത്തുന്നതാണ്.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 1 /2017* **ഓസ്സാനാം എഡ്യൂക്കേഷണൽ സ്കീം**

കോതമംഗലം സെൻട്രൽ കൗൺസിൽ നടപ്പാക്കുന്ന ഓസ്സാനാം എഡ്യൂക്കേഷണൽ സ്കീം പദ്ധതി പ്രകാരമുള്ള കരിയർ ഗൈഡൻസ് ക്ലാസ്സ് തൊടുപുഴ ഓസ്സാനാം ഹോമിൽ വച്ച് നടന്നു. 48 കുട്ടികൾ



പങ്കെടുത്തു. രൂപതയിലെ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന സമർത്ഥരായ കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കുട്ടികളുടെ ആദ്ധ്യാത്മികവും ബൗദ്ധികവുമായ വളർച്ചയാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായി തുടർക്ലാസ്സുകൾ സംഘടിപ്പിക്കും.

*SV 2 /2017* **വനിതാ സെമിനാർ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി കോതമംഗലം സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിൻസെൻഷ്യൻ വനിതകൾക്കായുള്ള ഏകദിന സെമിനാർ തൊടുപുഴ ഓസാനാം ഹോമിൽ വച്ച് നടന്നു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് അഡ്വ. ബാബു കുമ്പളാങ്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് ഉദ്ഘാടനം ചെയ്തു. നാഷണൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഡോ. സ്റ്റനിസ്ലാവൂസ് കുന്നേൽ ക്ലാസ്സെടുത്തു. കോതമംഗലം രൂപതയിലെ എല്ലാ കോൺഫ്രൻസുകളിൽ നിന്നുമായി 95 പേർ സെമിനാറിൽ പങ്കെടുത്തു.

*Animator*

## NESTT Programme

**Ph. 0485 - 2830033**

| | | |
|---|---|---|
| Feb | 1 - 3 | - വിവാഹഒരുക്കസെമിനാർ |
| " | 15 - 17 | - വിവാഹഒരുക്കസെമിനാർ |

*Director*

## കേരള ലേബർ മൂവ്മെന്റ്

*KLM 1/2017* **രൂപതാ ജനറൽ ബോഡി**

KLM രൂപതാ ജനറൽ ബോഡി ഡിസംബർ 6-ന് NESTT പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന വൈസ് പ്രസിഡന്റ് ഷാജു ആന്റണി ഉദ്ഘാടനം ചെയ്തു.

## *KLM 2/2017* പുതിയ രൂപതാഭാരവാഹികൾ

| | |
|---|---|
| പ്രസിഡന്റ് | – റോയി കാവാട്ട് |
| വൈസ് പ്രസിഡന്റ് | – ആൻസി ജോജോ, കൊടിയമ്മനാൽ |
| ജനറൽ സെക്രട്ടറി | – ബിജു ജോസ് പാറത്തട്ടേൽ |
| ജോയിന്റ് സെക്രട്ടറി | – മേരി ജോയി, കൊല്ലത്താനത്ത് |
| ട്രഷറർ | – റ്റെഡി ജോസ് തെക്കേക്കര |

തൊഴിലാളികളുടെ സാമൂഹികവും സാംസ്കാരികവും സാമ്പത്തികവും ആത്മീയവുമായ വളർച്ചയെ ലക്ഷ്യമാക്കിയുള്ള കർമ്മപദ്ധതികൾക്ക് സമ്മേളനം രൂപം നൽകി. അസംഘടിത തൊഴിലാളികളുടെ ജീവിതസുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനും, അവർക്ക് കിട്ടേണ്ട അർഹമായ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുമായി തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ച് യൂണിറ്റ് തലത്തിൽ പ്രവർത്തനം ശക്തമാക്കുന്നതിനും തീരുമാനിച്ചു. അതിനായി യൂണിറ്റുകൾ നിലവിലുള്ള സ്ഥലങ്ങളിൽ വിശദമായ കുടുംബ സർവ്വേ നടത്തുന്നതിനും തീരുമാനിച്ചു.

## *KLM 3/2017* പുതിയ യൂണിറ്റ് കമ്മിറ്റികൾ

സെന്റ് ജോർജ് ചർച്ച് കല്ലാനിക്കൽ, സെന്റ് ആന്റണീസ് ഫൊ റോന ചർച്ച് പൈങ്ങോട്ടൂർ, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് മാതിരപ്പിള്ളി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഏനാനല്ലൂർ, സെന്റ് മേരീസ് ചർച്ച് നെടിയശാല, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പന്നിമറ്റം, ഹോളി മാഗി ഫൊ റോന ചർച്ച് മൂവാറ്റുപുഴ, സെന്റ് ജോസഫ് ഫൊറോന ചർച്ച് മാറിക, സെന്റ് ജോസഫ് ചർച്ച് പെരുമ്പിള്ളിച്ചിറ, വിമല മാതാ ചർച്ച് കദളിക്കാട്, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് അരിക്കുഴ, സെന്റ് മേരീസ് ചർച്ച് മുള്ളരിങ്ങാട്, സെന്റ് ആന്റണീസ് ചർച്ച് ഞായപ്പിള്ളി, സെന്റ് തോമസ് ചർച്ച് ചെപ്പുകുളം, സെന്റ് ജോസഫ് ചർച്ച് നെല്ലിമറ്റം, സെന്റ് ജോർജ് ഫൊറോന ചർച്ച് വാഴക്കുളം, സെന്റ് മേരീസ് ചർച്ച്, പരീക്കണ്ണി, സെന്റ് മേരീസ് ഫൊറോന ചർച്ച് കരിമണ്ണൂർ, സെന്റ് മൈക്കിൾസ് ചർച്ച് രണ്ടാർ, സെന്റ് തോമസ് ചർച്ച് കോലടി, സെന്റ് ജോസഫ് ചർച്ച് മീങ്കുന്നം, സെന്റ് മേരീസ് ചർച്ച് ആരക്കുഴ, സെന്റ് മേരീസ് ചർച്ച് മാലിപ്പാറ, സെന്റ് ജോസഫ് ചർച്ച് വെളിയേൽച്ചാൽ, ഹോളി ഫാമിലി ചർച്ച് ബെത്സ്ലേഹം, സെന്റ് മേരീസ് ചർച്ച് ചീനിക്കുഴി, സെന്റ് തോമസ് ചർച്ച് തൊമ്മൻകുത്ത്, സെന്റ് ജോർജ് ചർച്ച് വണ്ടമറ്റം, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ആനിക്കാട്, സെന്റ് ജോർജ് ചർച്ച് മാറാടി, സെന്റ് ജോർജ് ചർച്ച് മുതലക്കോടം.

*Director*



## രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഡിസംബർ**

21 • ക്രിസ്തുമസിനോടനുബന്ധിച്ച് ഞറുക്കുറ്റിയിലുള്ള ബെത്‌ലെഹം ബൈബിൾ നേഴ്സറി സ്കൂൾ സന്ദർശിച്ചു.
• തങ്കളം, 'വികാസ് സെന്ററിൽ' വി. കുർബാനയർപ്പിച്ചു.

22 • മൂവാറ്റുപുഴ, നിർമ്മല പബ്ലിക് സ്കൂളിന്റെ നേതൃത്വത്തിൽ പെരിങ്ങഴ ഇടവകയിൽ നിർമ്മിച്ച മൂന്നു ഭവനങ്ങളുടെ വെഞ്ചരിപ്പ് കർമ്മം നിർവ്വഹിച്ചു.
• ക്രിസ്തുമസിനോടനുബന്ധിച്ച് മൂവാറ്റുപുഴ സബ് ജയിൽ സന്ദർശിച്ച് വി. കുർബാനയർപ്പിക്കുകയും തടവുകാരോടൊപ്പം ക്രിസ്തുമസ് ആഘോഷിക്കുകയും ചെയ്തു.

23 • കോതമംഗലം സെന്റ് ജോർജ് ഹയർസെക്കന്ററി സ്കൂളിൽ പുതിയതായി നിർമ്മിച്ച് സ്മാർട്ട് ക്ലാസ്സ് റൂമിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

25 • ക്രിസ്തുമസ് ദിനത്തിൽ കോതമംഗലം കത്തീഡ്രലിൽ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

26 • വടകര, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഇടവകയുടെ ദ്വിശതാബ്ദി ആഘോഷങ്ങളോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും കുട്ടികളുടെ ആഘോഷപൂർവ്വമായ വിശുദ്ധ കുർബാനസ്വീകരണം നടത്തുകയും ചെയ്തു.
• കത്തീഡ്രൽ ഇടവകാംഗമായ ഡീക്കൻ ആന്റണി ഞാലിപ്പറമ്പിലിന് വൈദികപട്ടം നൽകി.

27 • കലയന്താനി ഇടവകാംഗമായ ഡീക്കൻ സഖറിയാസ് കല്ലിടുക്കിലിന് വൈദികപട്ടം നൽകി.
• തൊടുപുഴ ഇടവകാംഗമായ വെട്ടിക്കുഴിച്ചാലിൽ മാത്യു-സിസിലി ദമ്പതിമാരുടെ ഏഴാമത്തെ കുട്ടിയുടെ പ്രവേശക കൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

28 • നെല്ലിമറ്റം ഇടവകാംഗങ്ങളായ ഡീക്കൻ വർഗീസ് പാറമേൽ, ഡീക്കൻ സെബാസ്റ്റ്യൻ കൊന്തെമ്പിള്ളിൽ എന്നിവർക്ക് വൈദികപട്ടം നൽകി.
• മുളപ്പുറം ഇടവകയിൽ ആരംഭിച്ച ബൈബിൾ കൺവെൻഷന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

29 • കൊടുവേലി ഇടവകാംഗമായ ഡീക്കൻ മാത്യു മുണ്ടയ്ക്കൽ (Jr)- ന് വൈദികപട്ടം നൽകി.

30 • അരിക്കുഴ ഇടവകാംഗവും സിഎംഐ സഭാംഗവുമായ ഡീക്കൻ

തോമസ് അറയ്ക്കലിന് വൈദികപട്ടം നൽകി.

- മുതലക്കോടം ഇടവകാംഗങ്ങളായ എടാട്ടേൽ അനീഷ്-ബിന്ദു ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞിന്റെ പ്രാരംഭ കൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

31 • മുടവൂർ ഇടവകാംഗമായ ഡീക്കൻ അബ്രാഹം പാറയ്ക്കലിന് വൈദികപട്ടം നൽകി.

**ജനുവരി**

1 • കല്ലൂർ ഇടവകയിലെ മാതൃവേദി സംഘടനയുടെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾക്കു തുടക്കം കുറിച്ച് വി. കുർബാനയർപ്പിച്ചു.

- മൈലക്കൊമ്പ് ഇടവകാംഗമായ ഡീക്കൻ ജോർജ് പീച്ചാനിക്കുന്നേലിന് വൈദികപട്ടം നൽകി.
- പെരുമ്പാവൂരിൽ വിവിധ സഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ നടന്ന Ecumenical Town Carol-ൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

2 • ചീനിക്കുഴി ഇടവകാംഗമായ ഡീക്കൻ സെബാസ്റ്റ്യൻ തുമ്പമറ്റത്തിലിന് വൈദികപട്ടം നൽകി.

- തൊടുപുഴ ഇടവകാംഗങ്ങളായ ആവിമൂട്ടിൽ സിൽജു-ഷാന്റി ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞിന്റെ പ്രവേശക കൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

3 • നെയ്യശ്ശേരി ഇടവകാംഗമായ ഡീക്കൻ മാത്യു പുത്തൻകുളത്തിന് വൈദികപട്ടം നൽകി.

- അംബികാപുരം ഇടവകയെ സമ്പൂർണ്ണ ദീപിക ഇടവകയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

5 • വാഴക്കുളം ഇടവകാംഗങ്ങളായ കണിയാംമൂഴിയിൽ അജേഷ്-സിനി ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞായ എമ്മാനുവേലിന്റെ പ്രവേശകകൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

6 • തൊടുപുഴ ഇടവകാംഗവും ഇടുക്കി രൂപതാംഗവുമായ ബഹു. ജയിംസ് പാലയ്ക്കാമറ്റത്തിൽ അച്ചന്റെ മാതാവിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

8 • ഫ്രാൻസിസ്കൻ ക്ലാരിസ്റ്റ് സഭാംഗമായ സി. ആൻഡ്രൂസ് FCCയുടെ മൃതശരീരത്തിങ്കൽ വാഴപ്പിള്ളി മഠം കപ്പേളയിൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു.

- മലയിഞ്ചി സെന്റ് തോമസ് ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും പുതിയതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിക്കുകയും ചെയ്തു.



09-14 • Bishops' Synod, Kakkanad, Mount St. Thomas.

15 • നീണ്ടപാറ സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 • രാജഗിരി (വെള്ളെള്ളള്) ഇടവകാംഗങ്ങളായ തെക്കേക്കൂറ്റ് തോമസ്-മോളി ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞായ ഇമ്മാനുവേലിന്റെ പ്രവേശകകൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

- മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന വൈദികരുടെ സ്റ്റഡിഫോറത്തിൽ പങ്കെടുത്തു.
- മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന സീറോ മലബാർ മാതൃവേദിയുടെ ജനറൽ ബോഡി മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

18 • തൊടുപുഴ വിമല പബ്ലിക് സ്കൂളിന്റെ നേതൃത്വത്തിൽ ഏഴല്ലൂർ ഇടവകയിൽ നിർമ്മിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

- ആയവന ഇടവകാംഗങ്ങളായ രാജേഷ്-മഞ്ചുഷ ദമ്പതിമാരുടെ നാലാമത്തെ കുഞ്ഞായ അൽഫോൻസയുടെ പ്രവേശകകൂദാശാപരികർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

19 • കോതമംഗലം രൂപത മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന “ഉണർവ്വ്-2017” എന്ന പരിപാടിയുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

20 • കോതമംഗലം രൂപത മുൻ കോർപ്പറേറ്റ് എഡ്യൂക്കേഷൻ സെക്രട്ടറിയും നെടിയശാല ഇടവകാംഗവുമായ ബഹു. ജോർജ് കുന്നംകോട്ട് അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

21 • പുന്നമറ്റം ഇടവകയിൽ പുതുക്കി നിർമ്മിച്ച സിമിത്തേരിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

- എക്യുമെനിക്കൽ വാരാചരണത്തിന്റെ ഭാഗമായി മൂവാറ്റുപുഴ നെസ്റ്റിൽ സംഘടിപ്പിച്ച എക്യുമെനിക്കൽ പ്രെയർ സർവ്വീസിൽ പങ്കെടുത്തു.

22 • കലയന്താനി, സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർ ശനം നടത്തി.

## Bishop's Engagements

**FEBRUARY 2017**

| | | | | |
|---|---|---|---|---|
| 01 | Wed | Blessing | Newman College | 3.30 pm |
| | | Holy Qurbana | St. Antony's Church, Marika | 5.30 pm |
| 03-06 | Fri- Mon | Engaged | | |
| 07 | Tue | Presbyterium | NESTT | |

| | | | | |
|---|---|---|---|---|
| 08 | Wed | Catechism Meeting | NESTT | 9.00 am |
| | | Holy Qurbana | Kuravilangadu | 4.30 pm |
| 09 | Thu | Requiem Mass | Cathedral | 10.30 am |
| 11 | Sat | Meeting | NESTT | 10.00 am |
| | | Holy Qurbana | Chittoor | 11.00 am |
| | | Blessing | Kottappady | 4.00 pm |
| 12 | Sun | Pastoral Visit | Cheppukulam | |
| 15-16 | Wed-Thu | Engaged | | |
| 17 | Fri | LP School Jubilee | Ayavana | 3.00 pm |
| 18 | Sat | Family Apostolate Meeting | Mailacombu | 1.30 pm |
| 19 | Sun | Pastoral Visit | Ayavana | |
| 20 | Mon | Silver Jubilee | Jyothibhavan, Muvattupuzha | 10.30 am |
| | | Marriage | Muthalakodam | 4.00 pm |
| | | Holy Qurbana | SMS Provincial House Oonnukal | 6.30 pm |
| 22 | Wed | Engaged | | |
| 23 | Thu | Blessing | Kuthupara | |
| | | Meeting | Minor Seminary | 6.00 pm |
| 25 | Sat | Holy Qurbana | Vazhakulam | 11.00 am |
| | | Family Apostolate Meeting | Arakuzha | 1.30 pm |
| 26 | Sun | Pastoral Visit | Marady | |
| 27 | Mon | Ash Monday | Cathedral | |
| 27- March 06 | | Engaged | | |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. തോമസ് ചെമ്പരത്തി | ചരമദിനം | 03-03-1974 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ | " | 03-03-2016 |
| ഫാ. സ്റ്റനിസ്ലാവൂസ് നെടുമ്പുറം | " | 07-03-2008 |
| ഫാ. ജോർജ് പച്ചയിൽ | " | 08-03-1981 |
| ഫാ. ജോസഫ് കൊച്ചുമുട്ടം | " | 10-03-1960 |
| ഫാ. ജോസഫ് കുഴികണ്ടത്തിൽ | " | 11-03-2000 |
| ഫാ. ജോസഫ് മൂലേക്കുടി | " | 22-03-1972 |

## നിര്യാതരായി



### റവ. ഫാ. ജോർജ് കുന്നംകോട്ട്

ഇടവക : നെടിയശാല
ജനനം : 14.10.1930
തിരുപ്പട്ടം : 04.10.1960
മരണം : 16.01.2017
മൃതസംസ്കാരം : 20.01.2017



**സേവനരംഗങ്ങൾ**

അസ്തേന്തി - കത്തീഡ്രൽ
വികാരി ഇൻ ചാർജ് - മാറാടി
വികാരി - കരിമണ്ണൂർ, മുതലക്കോടം
മറ്റു സേവനരംഗങ്ങൾ - മൂവാറ്റുപുഴ നിർമ്മല ഹൈസ്കൂൾ മാനേജർ, തിരുബാലസഖ്യം ഡയറക്ടർ, കോർപ്പറേറ്റ് എജ്യുക്കേഷൻ സെക്രട്ടറി, രൂപതാ കാറ്റക്കെറ്റിക്കൽ കമ്മിറ്റി മെമ്പർ, മുതലക്കോടം സാൻജോഭവൻ ഡയറക്ടർ, എപ്പാർക്കിയൽ കൺസൽട്ടർ.

### റവ. സി. വിജിലിയ CMC (മുണ്ടയ്ക്കൽ)

ഇടവക : കല്ലാനിക്കൽ
ജനനം : 07-10-1946
ആദ്യവ്രതം : 15-04-1966
നിത്യവ്രതം : 31-05-1971
മരണം : 08-12-2016
മൃതസംസ്കാരം : 10-12-2016 (പ്രൊവിൻഷ്യൽ ഹൗസ് കോഴിപ്പിള്ളി)

### റവ. സി. ബെനഡിക്ട് MSJ

ഇടവക : കോതമംഗലം
ജനനം : 01-06-1928
ആദ്യവ്രതം : 08-02-1955
നിത്യവ്രതം : 02-02-1961
മരണം : 18-12-2016
മൃതസംസ്കാരം : 19-12-2016 (ധർമ്മഗിരി പ്രൊവിൻഷ്യൽ ഹൗസ്, തങ്കളം)

### റവ. സി. ആൻഡ്രൂസ് FCC (ആറാഞ്ചേരിൽ)

ഇടവക : ഉടുമ്പന്നൂർ
ജനനം : 02-03-1936
ആദ്യവ്രതം : 11-05-1959
നിത്യവ്രതം : 11-05-1962
മരണം : 05-01-2017
മൃതസംസ്കാരം : 08-01-2017 (ഈസ്റ്റ് വാഴപ്പിള്ളി)